VOL NO: 10 I ISSUE 19

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 MAY 09 I ₹10



# കേരളം ജയിക്കണം വർഗീയത തുലയണം

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നിരിക്കുകയാണ്. വർഗീയതയോടുള്ള മൃദുഭാവം, അഹന്തയും ധാർഷ്ട്യവും നിറഞ്ഞ സമീപനങ്ങൾ, അഴിമതിയോടുള്ള അയഞ്ഞ നിലപാട്, ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ടുള്ള കാർക്കശ്യം, അവകാശ സമരങ്ങളോടുള്ള അടിച്ചമർത്തൽ മനോഭാവം, മതനിരാസ ലിബറൽ ആശയങ്ങളെ അടിച്ചേൽപ്പിക്കാനുള്ള കുത്സിത ശ്രമങ്ങൾ... തുടങ്ങി ഭരണകക്ഷിയുടെ തോൽവി വിലയിരുത്താനുള്ള ഏകകങ്ങൾ ഏറെയാണ്. പരാജിതർക്കുള്ള തിരുത്ത് മാത്രമല്ല, വിജയികൾക്കുള്ള മുന്നറിയിപ്പ് കൂടിയാണ് മേൽ സൂചകങ്ങൾ.

**അധ്യയനവർഷം ആരംഭിക്കും മുമ്പ്**

**തിരഞ്ഞെടുപ്പ് ഫലം: കേരളം നൽകുന്ന പാഠങ്ങൾ**

**മരണാനന്തര ജീവിതം; അനിവാര്യതയുടെ യുക്തി**



സുഫ്‌യാൻ അബ്ദുസ്സലാം ● ഡോ. റസീല ● ടി.കെ അശ്റഫ്


دار الحكمة
WISDOM
HOUSE
CALICUT
WISDOM
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

# 485

**നേർപഥം** വാരിക

2026 മെയ് 09
1447 ദുൽഖഅദ് 21
പുസ്തകം 10 / ലക്കം 19

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**






04
നമുക്കുചുറ്റും
തിരഞ്ഞെടുപ്പ് ഫലം:
കേരളം നൽകുന്ന പാഠങ്ങൾ
ടി.കെ അശ്റഫ്

05
മുഖമൊഴി
അധ്യയനവർഷം ആരംഭിക്കും മുമ്പ്

06
ആരോഗ്യപഥം
ഉയർന്ന താപനിലയും
മാനസികാരോഗ്യവും
ഡോ. റസീല

09
കഥ
തിരുത്തിയ വരികൾ
ശാക്കിറ ടി. കെ, കൊല്ലം

16
പാരന്റിംഗ്
പുതുതലമുറയെപ്പറ്റി
വേവലാതിപ്പെടുന്ന മാതാപിതാക്കളോട്
റോഷൻ പുനലൂർ

17
കാഴ്ച
ഹൃദയം നുറുങ്ങും കാഴ്ചകൾ!
നബീൽ പയ്യോളി

18
ലേഖനം
മരണാനന്തര ജീവിതം;
അനിവാര്യതയുടെ യുക്തി
മെഹബൂബ് മദനി ഒറ്റപ്പാലം

കവർ സ്റ്റോറി





സുഫ്യാൻ അബ്ദുസ്സലാം

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നിരിക്കുകയാണ്. വർഗീയതയോടുള്ള മൃദുഭാവം, അഹന്തയും ധാർഷ്ട്യവും നിറഞ്ഞ സമീപനങ്ങൾ, അഴിമതിയോടുള്ള അയഞ്ഞ നിലപാട്, ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ടുള്ള കാർക്കശ്യം, അവകാശ സമരങ്ങളോടുള്ള അടിച്ചമർത്തൽ മനോഭാവം, മതനിരാസ ലിബറൽ ആശയങ്ങളെ അടിച്ചേൽപ്പിക്കാനുള്ള കുത്സിത ശ്രമങ്ങൾ... തുടങ്ങി ഭരണ കക്ഷിയുടെ തോൽവി വിലയിരുത്താനുള്ള ഏകകങ്ങൾ ഏറെയാണ്. പരാജിതർക്കുള്ള തിരുത്ത് മാത്രമല്ല, വിജയികൾക്കുള്ള മുന്നറിയിപ്പ് കൂടിയാണ് മേൽ സൂചകങ്ങൾ.


23
ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26
ലേഖനം
ആരാണ് നിങ്ങളുടെ സുഹൃത്തുക്കൾ?
മുഹമ്മദ് സിയാദ് ജുബൈൽ

30
വിമർശനം
കാഫിറാക്കലും ജമാഅത്തെ
ഇസ്‌ലാമിയുടെ ഇരട്ടത്താപ്പും!
മൂസ സ്വലാഹി കാര

34
ബാലപഥം
ഹജ്ജിന്റെ മാസം
ഹുസ്ന മലോറം



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# തിരഞ്ഞെടുപ്പ് ഫലം: കേരളം നൽകുന്ന പാഠങ്ങൾ

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

കേരളമെന്നല്ല, ഇന്ത്യയാകെ ഉറ്റുനോക്കിയിരുന്നതായിരുന്നു കേരള നിയമസഭാ തിരഞ്ഞെടുപ്പു ഫലം. എങ്ങോട്ടാണ് ഫലം ചായുക എന്നത് സാധാരണക്കാർക്കടക്കം ഏറെക്കുറെ ഉറപ്പായിരുന്നു. അതുതന്നെയാണ് സംഭവിച്ചിട്ടുള്ളത്. ഈ തിരഞ്ഞെടുപ്പു ഫലത്തിലൂടെ കേരളീയ പൊതുസമൂഹം നൽകുന്ന ചില സന്ദേശങ്ങളുണ്ട്. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഉൾക്കൊള്ളേണ്ടതാണ് ആ സന്ദേശങ്ങൾ.

*1) വിദ്വേഷ രാഷ്ട്രീയത്തിന് സ്ഥാനമില്ല:* സോഷ്യൽ എൻജിനീയറിങ് എന്ന പേരിൽ ഗ്ലോറിഫൈഡ് വർഗീയതയും വിദ്വേഷവും പടർത്താൻ ആര് ശ്രമിച്ചാലും കേരളീയർ അത് തള്ളിക്കളയും. വികസനം പോലെത്തന്നെ ജനങ്ങൾക്കിടയിലെ സൗഹൃദാന്തരീക്ഷത്തിനാണ് മലയാളികൾ മുൻഗണന നൽകുന്നത്.

*2) മതനിരപേക്ഷതയുടെ വിജയം:* വിജയങ്ങളെ വെറും 'മതപരമായ ഏകീകരണ'മായി വിലയിരുത്തുന്നത് തെറ്റാണ്. ഇത് കേരളത്തിലെ മതേതര മനസ്സുകളുടെ ഐക്യമാണ്. ഇതിനെ വർഗീയമായി വ്യാഖ്യാനിക്കുന്നത് നന്ദികേടാണ്.

*3) ഫാഷിസ്റ്റുകൾ നേട്ടം ഉണ്ടാക്കിയതിന്റെ കാരണം:* തീവ്ര ഭൂരിപക്ഷ വർഗീയതയെ അകറ്റി നിർത്തിയ വേലിക്കെട്ടുകൾ മതനിരപേക്ഷ കക്ഷികളുടെ തെറ്റായ സമീപനങ്ങൾകൊണ്ട് അവർ തന്നെ തകർക്കുന്നതും അവരുടെതന്നെ വോട്ടുകൾ ഫാഷിസ്റ്റുകളിലേക്ക് ഒഴുകുന്നതും ഗൗരവപൂർവം വിലയിരുത്തപ്പെടണം. മതനിരപേക്ഷ കക്ഷികൾ അവരവരുടെ രാഷ്ട്രീയാദർശങ്ങളിൽ വെള്ളം ചേർക്കാതെ ഫാഷിസ്റ്റുകൾക്കെതിരെ ശക്തമായ രാഷ്ട്രീയ പോരാട്ടം നടത്തി ഭാവിയിൽ അവർക്ക് കൂടുതൽ സീറ്റുകൾ ഇല്ലാത്ത തലത്തിലേക്ക് കേരളത്തെ എത്തിക്കട്ടെ.

*4) ധാർമ്മിക മൂല്യങ്ങളുടെ സംരക്ഷണം:* കുടുംബ സംവിധാനത്തിന്റെ അടിത്തറയിളക്കുന്ന ആശയങ്ങൾ ഭരണകൂടം വഴി അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ ജനം ഇനിയും പ്രതികരിക്കും. ഇതിനെ ചോദ്യം ചെയ്യുന്ന വരെ 'അപരിഷ്കൃതർ' എന്ന് മുദ്രകുത്തുന്ന രീതി തിരുത്തപ്പെടണം.

*5) വിനയമുള്ള അധികാരം:* ജനങ്ങളുടെ വികാരങ്ങളെ മാനിക്കണം. ധിക്കാരത്തിന്റെ ഭാഷയ്ക്ക് ജനാധിപത്യത്തിൽ തിരിച്ചടിയുണ്ടാകും. വിമർശനങ്ങളെ പോസിറ്റീവായി ഉൾക്കൊള്ളാൻ ഭരണാധികാരികൾക്ക് കഴിയണം.

*6) ആത്മപരിശോധന അനിവാര്യം:* കൂടുതൽ സീറ്റുകൾ ലഭിക്കുന്നത് ആത്മവിമർശനത്തിനുള്ള തടസ്സമാകരുത്. വിജയം അഹങ്കാരത്തിലേക്കും സ്വയം ഓഡിറ്റ് ചെയ്യാനുള്ള കഴിവുകേടിലേക്കും നയിക്കരുത്.

*7) ഇസ്‌ലാമോഫോബിയ തിരിച്ചടിയാകും:* ഇസ്‌ലാംഭീതി പടർത്തിയോ ഒരു വിഭാഗത്തെ അപരവൽക്കരിച്ചോ രാഷ്ട്രീയ നേട്ടം കൊയ്യാമെന്ന് ആരും കരുതേണ്ടതില്ല. അത്തരം നീക്കങ്ങളെ കേരളം അവജ്ഞയോടെ തള്ളും.

*8) മാധ്യമങ്ങളുടെ ഉത്തരവാദിത്തവും നിരീക്ഷകരുടെ കപടമുഖവും:* ന്യൂസ് റൂമുകളിൽ നടത്തുന്ന വർഗീയ ചേരിതിരിവ് ചർച്ചകളല്ല യഥാർഥ ജനഹിതം. ജനങ്ങളുടെ പ്രശ്നങ്ങളിൽനിന്ന് വഴിതിരിച്ചുവിടുന്ന ഇത്തരം പ്രവണതകൾ മാധ്യമങ്ങൾ അവസാനിപ്പിക്കണം. ന്യൂനപക്ഷഭീതി പടർത്താൻ ശ്രമിക്കുന്ന ചില 'രാഷ്ട്രീയ നിരീക്ഷകരെ' ജനം തിരിച്ചറിഞ്ഞിരിക്കുന്നു. ആർക്കുവേണ്ടിയോ കുഴലൂതുന്ന ഇവരുടെ വിലയിരുത്തലുകൾക്ക് കേരളീയർക്കിടയിൽ പ്രസക്തിയില്ല.

*9) സോഷ്യൽ മീഡിയയിലെ 'വ്യാജ' ലോകം:* കമന്റ് ബോക്സുകളിലെ അതിവൈകാരികതയും വിദ്വേഷവും പലപ്പോഴും വ്യാജ ഐഡികളിൽ നിന്ന് വരുന്നതാണ്. അത് കേരളത്തിന്റെ യഥാർഥ നിലപാടല്ല.

*10) ഉത്തരവാദിത്തമുള്ള മുന്നേറ്റം:* ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ ഈ പാഠങ്ങൾ ഉൾക്കൊള്ളണം. പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ കണിശത കാണിക്കണം. സമാധാനാന്തരീക്ഷമുള്ള, മതേനിരപേക്ഷ കേരളത്തിനായി നമുക്ക് ഒന്നിച്ചു മുന്നേറാം.

# അധ്യയനവർഷം ആരംഭിക്കും മുമ്പ്

പുതിയൊരു അധ്യയനവർഷം കടന്നുവരികയാണ്. കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കാനായി ഉന്നത കലാലയങ്ങളിൽ പ്രവേശനം ലഭിക്കുവാനായുള്ള ഓട്ടമാരംഭിച്ചുകഴിഞ്ഞു സമ്പന്നരായ രക്ഷിതാക്കൾ. മധ്യവർഗത്തിൽ പെട്ടവർ ലോണെടുത്തും മറ്റും പഠിപ്പിക്കാൻ പാടുപെടുമ്പോൾ ദരിദ്രരായവർ സർക്കാർ സ്ഥാപനങ്ങളിൽ അഭയം പ്രാപിക്കുന്നു. എല്ലാവരുടെയും ലക്ഷ്യം മക്കളുടെ ഭാവി ഭദ്രമാവണം എന്നതുതന്നെ.

മക്കളെ പഠിപ്പിച്ച് ഉയർന്ന ശമ്പളം പറ്റുന്ന ജോലിക്കാരാക്കി മാറ്റണം, അല്ലെങ്കിൽ നല്ല ലാഭംകൊയ്യുന്ന ബിസിനസ്സുകാരാക്കണം എന്നൊക്കെയാണ് പൊതുവെ എല്ലാ രക്ഷിതാക്കളുടെയും ആഗ്രഹം. അതിനപ്പുറമൊരു ചിന്തയും പലർക്കുമില്ല. ധാർമികമോ മൂല്യപരമോ ആയ യാതൊരു സംസ്കാരവും പകർന്നു നൽകാതെയാണ് പല മാതാപിതാക്കളും കുട്ടികളെ വളർത്തുന്നത്. കുട്ടികളാണ് ഓരോ വീടും ഭരിക്കുന്നത്. അവരുടെ ആവശ്യങ്ങളാണ് മാതാപിതാക്കളുടെ ആവശ്യം. ഏത് ഭക്ഷണം കഴിക്കണം, ഏത് വസ്ത്രം ധരിക്കണം, അവധിക്ക് എവിടെ പോകണം, ഏത് വാഹനം വാങ്ങണം എന്നെല്ലാം കുട്ടികൾ തീരുമാനിക്കും. പ്രോവിഡന്റ് ഫണ്ടിൽനിന്നോ ബാങ്കിൽനിന്നോ ലോണെടുത്താണെങ്കിലും മാതാപിതാക്കൾ മക്കളുടെ ആഗ്രഹം നിറവേറ്റിക്കൊടുക്കും. നേർവഴി പറഞ്ഞുകൊടുക്കാൻ മാതാപിതാക്കൾക്ക് മക്കളെ പേടിയാണ്. ഭാവിയിലേക്കുള്ള സാമ്പത്തിക നിക്ഷേപം മാത്രമായിട്ടാണ് അവർ മക്കളെ കാണുന്നത്.

രക്ഷിതാക്കൾ തങ്ങളുടെ കടമ യഥാവിധി നിർവഹിക്കുന്നുവെങ്കിൽ തിന്മയുടെ ഒഴുക്കിനെതിരെ നീന്താൻ മക്കൾക്ക് കഴിയുമെന്നതിൽ സംശയമില്ല. അവർ മക്കൾക്ക് സർവ സ്വാതന്ത്ര്യവും നൽകുകയാണ്. എന്നാൽ അവർക്ക് അത്യാവശ്യമുള്ളതെന്തോ അത് നൽകുന്നില്ല. അത് നൽകിയാലേ അവർ മനുഷ്യരാവൂ. അതാണ് ധാർമിക ബോധം അഥവാ ദൈവചിന്ത. ധർമാധർമവും സത്യാസത്യവും വ്യവച്ഛേദിച്ചറിയാനും ധർമത്തിനും സത്യത്തിനും വേണ്ടി നിലകൊള്ളാനും സഹപാഠികളെ ഉടപ്പിറപ്പുകളായി കാണാനും മാതാപിതാക്കളെ സ്നേഹിക്കാനും ആദരിക്കാനും ഗുരുനാഥന്മാരെ ബഹുമാനിക്കാനും കഴിയണമെങ്കിൽ നന്മതിന്മകൾക്ക് തക്കതായ രക്ഷാശിക്ഷകൾ ലഭിക്കുന്ന ഒരു ലോകമുണ്ട് എന്ന ബോധം മക്കളുടെ മനസ്സിൽ ചെറുപ്പം മുതലേ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കണം.

മരണത്തോടുകൂടി എല്ലാം അവസാനിക്കും, ദൈവവും പരലോകവുമൊക്കെ സാങ്കൽപികം മാത്രമാണ് എന്നൊക്കെയാണ് പുതുതലമുറയെ യുക്തിവാദികൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആ കെണിയിൽ വിശ്വാസികളായ യുവാക്കൾ അകപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് നാം കാണാതിരുന്നുകൂടാ. മരണാനന്തര ജീവിതം സത്യവും ബുദ്ധിയുള്ളവരുടെ തേട്ടവുമാണ്, നന്മതിന്മകൾകൾക്കുള്ള രക്ഷാശിക്ഷകൾ ഈ ലോകത്ത് പൂർണമായി ഒരു കോടതിക്കും നൽകാനാവില്ല, ഒരാളെ കൊന്നാലും നൂറുപേരെ കൊന്നാലും ഭൗതിക കോടതികൾക്കു നൽകാനുള്ള ശിക്ഷകൾ വ്യത്യസ്തമല്ല തുടങ്ങിയ യാഥാർഥ്യം പുതുതലമുറയുടെ മനസ്സിൽ വേരുറക്കേണ്ടതുണ്ട്. അതിനുള്ള കൃത്യമായ വേദിയാണ് പരലോകം. ക്വുർആൻ പറയുന്നത് കാണുക.

"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല"(3:185).



# ഉയർന്ന താപനിലയും മാനസികാരോഗ്യവും

ഡോ. റസീല
ജനറൽ സെക്രട്ടറി, വിസ്ഡം വിമൻ

കേരളത്തിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഉയർന്നുവരുന്ന താപനില (heatwave) ഇന്ന് ഒരു പൊതുജനാരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ശരീരാരോഗ്യത്തെ മാത്രമല്ല, മനുഷ്യരുടെ മാനസികാരോഗ്യത്തെയും (mental health)) ഇത് ഗൗരവമായി ബാധിക്കുന്നു.

**1. ഉയർന്ന താപനിലയുടെ മാനസിക സ്വാധീനം**

ഉയർന്ന ചൂട് മനുഷ്യരുടെ മാനസികാവസ്ഥയിൽ പല തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുന്നു:

*എ) ആശങ്കയും സമ്മർദവും വർധിക്കുന്നു:* ചെറിയ സമയം (1-2 മണിക്കൂർ) പോലും ഉയർന്ന ചൂടിൽ കഴിയുമ്പോൾ ഉത്കണ്ഠ ഉയരുന്നതായി പഠനങ്ങൾ കാണിക്കുന്നു.

*ബി) വിഷാദ(Depression)വർധന:* ഉയർന്ന താപനിലയിൽ വിഷാദരോഗത്തിനുള്ള സാധ്യത 18% വരെ കൂടുന്നു.

**ഉയർന്ന ചൂടും അതിനോടനുബന്ധിച്ചുള്ള മാനസിക സമ്മർദങ്ങളും നേരിടുമ്പോൾ വിശ്വാസികളുടെ പ്രതികരണം ഇസ്‌ലാമികമായിരിക്കണം. ദിവസേനയുള്ള നിർബന്ധ നമസ്കാരങ്ങളും പ്രാർഥനകളും മനസ്സിന് സമാധാനം നൽകുന്നതാണ്. അതോടൊപ്പം പ്രത്യേകമായ പ്രാർഥനകയും അധികരിപ്പിക്കുക. ഏതൊന്നിന്റെയും പ്രയാസം ദൂരീകരിച്ചു തരാൻ കഴിയുന്നവനാണല്ലോ സ്രഷ്ടാവ്.**

*സി) മനോവൈകല്യങ്ങളുടെ അപകടം:* ഉയർന്ന ചൂട് മനോരോഗങ്ങളുമായി (mental illness) ബന്ധപ്പെട്ട ആശുപത്രി പ്രവേശനം 13% വരെ വർധിപ്പിക്കുന്നു.

**2. മാനസികാരോഗ്യത്തിൽ സംഭവിക്കുന്ന പ്രധാന പ്രശ്നങ്ങൾ**

*(എ) ഉറക്കക്കുറവ് (Sleep disturbance):* ചൂട് കാരണം ഉറക്കം കുറയുന്നു. ഇത് മാനസിക വ്യതിയാനങ്ങൾ (mood swings), ക്ഷോഭം (irritability), ഏകാഗ്രത കുറവ് എന്നിവയ്ക്ക് കാരണമാകുന്നു.

*ബി) ക്ഷീണം & മാനസിക തളർച്ച:* കനത്ത ചൂട് (Heat stress) മൂലം മാനസിക തളർച്ച (mental fatigue) വർധിക്കുന്നു, തൊഴിലാളികളിൽ ഇത് കൂടുതലായി കാണുന്നു. വീട്ടിൽ ജോലിയെടുക്കുന്ന വീട്ടമ്മമാർക്കും പലപ്പോഴും ശക്തമായ ക്ഷീണവും ജോലികൾ സമയത്ത് തീർക്കാൻ സാധിക്കാത്ത അവസ്ഥയും ഉണ്ടാവുന്നു.

*സി) വൈജ്ഞാനിക വൈകല്യം cognitive impairment):*

ദീർഘകാലം ചൂടേൽക്കുന്നത് ചിന്താശേഷിയും തീരുമാനശേഷിയും കുറയുന്നതിന് കാരണമാകുന്നു. പലപ്പോഴും അവധാനതയില്ലാതെ കാര്യങ്ങൾ ചെയ്യുന്നതിനും അപകടങ്ങളിൽ ചെന്ന് ചാടുന്നതിനും ഈ അവസ്ഥ കാരണമാകാറുണ്ട്.

**3. കൂടുതൽ അപകടസാധ്യതയുള്ള വിഭാഗങ്ങൾ**

കനത്ത ചൂട്; മുതിർന്നവർ, കുട്ടികൾ. പുറംതൊഴിലാളികൾ (construction, agriculture), നിലവിൽ മാനസിക അസ്വാസ്ഥ്യമുള്ളവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എന്നീ വിഭാഗങ്ങൾക്ക് കൂടുതൽ മാനസിക പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുണ്ട്.

**4. സാമൂഹികവും പെരുമാറ്റപരവുമായ പ്രത്യാഘാതങ്ങൾ**

*എ) ഒറ്റപ്പെടൽ (Social isolation) വർധിക്കുന്നു:* കനത്ത ചൂടുമൂലം ആളുകൾ പരസ്പരസന്ദർശനങ്ങൾ ഒഴിവാക്കുന്നതും യാത്രകൾ കുറച്ച് തന്നിലേക്കുതന്നെ ചുരുങ്ങിക്കൂടുന്നതും ഈ അവസ്ഥക്ക് കാരണമാകുന്നുണ്ട്. കിടപ്പുരോഗികൾ, പ്രായമുള്ളവർ തുടങ്ങി വീടുകളിൽ തന്നെ അടങ്ങിക്കഴിയുന്നവർക്ക് ഇത് മൂലമുള്ള മാനസികാഘാത സാധ്യത കൂടുതലാണ്.

*ബി) പ്രവർത്തനക്ഷമത കുറയുന്നു:* മുകളിൽ സൂചിപ്പിച്ച; ക്ഷീണം, തളർച്ച തുടങ്ങിയവ കാരണം ആളുകൾക്ക് പ്രവർത്തനക്ഷമത കുറയുന്നു. എളുപ്പത്തിൽ ജോലികൾ അവസാനിപ്പിച്ച് വിശ്രമിക്കാനായിരിക്കും കൂടുതൽ ആളുകളും താൽപര്യപ്പെടുക.

*സി) ആരോഗ്യ സേവനങ്ങൾ ഉപയോഗിക്കുന്നത് കൂടുന്നു.*

*ഡി) പ്രതിസന്ധികൾ നേരിടാനുള്ള മാർഗങ്ങൾ (coping mechanisms) കുറയുന്നു:* ഉയർന്ന ചൂട് പോലെയുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾ സ്വാഭാവികമായ പ്രതിരോധ മാർഗങ്ങൾ

തടസ്സപ്പെടുത്തുന്നു. വ്യായാമം ചെയ്യുന്നത് നിർത്തുക, സന്ദർശനങ്ങൾ ഒഴിവാക്കുക എന്നിവ വഴി ഇത്തരം സ്വാഭാവിക മാർഗങ്ങൾ തടയപ്പെടും.

**5. കാലാവസ്ഥ മാറ്റവും മാനസികാരോഗ്യവും**

കാലാവസ്ഥ മാറ്റം മൂലം അന്തരീക്ഷ താപനില വർധിക്കുന്നതിനാൽ ആളുകൾക്ക് കാലാവസ്ഥാ ഉത്കണ്ഠ (climate anxiety) വർധിക്കുന്നു. ഭാവിയെ കുറിച്ചുള്ള ആശങ്കകൾ ഉയരുന്നു. ഉയർന്ന താപനില മാനസിക രോഗാവസ്ഥയും അതുമൂലമുള്ള മരണവും വർധിപ്പിക്കുന്നു.

**6. പ്രതിരോധ മാർഗങ്ങൾ**

മതിയായ വെള്ളം കുടിക്കുക, തണുത്ത അന്തരീക്ഷത്തിൽ കഴിയുക, ഉച്ചസമയത്ത് പുറത്തുപോ കുന്നത് ഒഴിവാക്കുക, നല്ല ഉറക്കം ഉറപ്പാക്കുക.

**വിശ്വാസികളോട്**

ഉയർന്ന ചൂടും അതിനോടനുബന്ധിച്ചുള്ള മാനസിക സമ്മർദങ്ങളും നേരിടുമ്പോൾ വിശ്വാസികളുടെ പ്രതികരണം ഇസ്‌ലാമികമായിരിക്കണം. ശാരീരികവും മാനസികവുമായ പ്രതിസന്ധികളെ കൈകാര്യം ചെയ്യാൻ സഹായകരമായ ചില കാര്യങ്ങൾ പറയാം:

*1. ക്ഷമയും വിശ്വാസവും:* എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ പരീക്ഷണമായി കാണുന്നവരാണ് വിശ്വാസികൾ. ചൂട് പോലുള്ള പ്രകൃതിദത്ത അവസ്ഥകളെ കുറിച്ച് നിരന്തരം പരാതിപ്പെടുന്നതിന് പകരം, ക്ഷമയോടെ അതിനെ നേരിടുക.

*2. പ്രാർഥന:* ദിവസേനയുള്ള നിർബന്ധ നമസ്കാരങ്ങളും പ്രാർഥനകളും മനസ്സിന് സമാധാനം നൽകുന്നതാണ്. അതോടൊപ്പം പ്രത്യേകമായ പ്രാർഥനകയും അധികരിപ്പിക്കുക. ഏതൊന്നിന്റെയും പ്രയാസം ദൂരീകരിച്ചു തരാൻ കഴിയുന്നവനാണല്ലോ സ്രഷ്ടാവ്.

*3. ദിക്ർ (ദൈവസ്മരണ):* സുബ്ഹാനല്ലാഹ്, അൽഹംദു ലില്ലാഹ്, അല്ലാഹു അക്ബർ പോലുള്ള ദിക്റുകൾ ആവർത്തിക്കുന്നത് മനസ്സിനെ ശാന്തമാക്കുകയും ഉത്കണ്ഠ കുറയ്ക്കുകയും ചെയ്യും. 'ദൈവസ്മരണകൊണ്ടാണ് മനസ്സുകൾക്ക് സമാധാനം ലഭിക്കുക' എന്ന ഖുർആൻ വചനം ഓർക്കുക.

*4. ആത്മപരിശോധന:* കാലാവസ്ഥയെ കുറ്റപ്പെടുത്തുന്നതിനു പകരം അതിനെ ഒരു പരീക്ഷണമായി കാണുകയും ആത്മപരിശോധനയ്ക്ക് അവസരമാക്കുകയും ചെയ്യുക. പാപങ്ങൾ വെടിയുകയും പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക.

*5. ശരീരസംരക്ഷണത്തിൽ ശ്രദ്ധിക്കുക:* ഇസ്‌ലാം ആരോഗ്യ സംരക്ഷണത്തിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്. പ്രാർഥനകൾക്കൊപ്പം ആവശ്യമായ ശാരീരിക മുൻകരുതലുകളും (ജലം കൂടുതലായി കുടിക്കൽ, സൂര്യപ്രകാശം നേരിട്ട് ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കൽ, ആവശ്യമെങ്കിൽ ചികിത്സ തേടൽ പോലുള്ളവ) നിർബന്ധമാണ്.

ഉയർന്ന താപനില ശാരീരിക പ്രശ്നം മാത്രമല്ല; മാനസികാരോഗ്യ പ്രതിസന്ധി കൂടി വരുത്തുന്ന താണ്. ഇത് ഭാവിയിൽ കൂടുതൽ ഗുരുതരമാകാനുള്ള സാധ്യതയുണ്ട്. അതിനാൽ, ഉയർന്ന താപനില മൂലം ഉണ്ടാകുന്ന ശാരീരിക-മാനസിക അസ്വസ്ഥതകളെയും പ്രശ്നങ്ങളെയും ഒരുമിച്ച് നേരിടാൻ നാം പ്രാപ്തരാകേണ്ടതുണ്ട്. നമ്മുടെ നിലവിലെ സംവിധാനങ്ങളിൽ അതിനനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമുണ്ട്.

*(കോഴിക്കോട് 'അർമോണിയ വെൽനസ് ഹബി'ൽ കൺസൾട്ടന്റ് സൈക്കോളജിസ്റ്റാണ് ലേഖിക)*



# തിരുത്തിയ വരികൾ

ശാക്കിറ ടി. കെ, കൊല്ലം

ജനാലയ്ക്കൽ, പുറത്ത് പെയ്യുന്ന മഴയിലേക്ക് ഇടയ്ക്കിടെ നോക്കി ഇരിക്കുമ്പോഴാണ് അയാളെഴുതുന്ന ലേഖനത്തിന് ചൂടുപിടിച്ചത്. കടലാസിൽ വരികൾ വെട്ടിത്തിരുത്തി അയാൾ എഴുതിക്കൊണ്ടിരുന്നു:

'ശിരോവസ്ത്രങ്ങൾ പ്രാകൃത യുഗത്തിന്റെ അവശേഷിപ്പുകളാണ്. സ്വയം പൊതിഞ്ഞുകെട്ടിവെക്കുന്നതിലൂടെ പെണ്ണ് സ്വന്തം സ്വാതന്ത്ര്യത്തെയാണ് കുഴിച്ചുമൂടുന്നത്...'

ആധുനികതയെക്കുറിച്ചും വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചും വരികൾ അലയടിക്കുമ്പോഴാണ് ചെറിയ മകൾ മുറിയിലേക്ക് ഓടിക്കയറി വന്നത്. അവളുടെ മുഖത്ത് വലിയൊരു സങ്കടമുണ്ടായിരുന്നു.

'ഇങ്ങോട്ട് വേഗം വന്നേ..നമ്മുടെ തോട്ടത്തിലെ ആ വലിയ പേരയ്ക്കകൾ കണ്ടോ? നന്നായി പഴുത്ത് നിൽക്കുകയായിരുന്നു. പക്ഷേ, എപ്പോഴോ വന്ന പക്ഷികൾ അതൊക്കെ കൊത്തിപ്പറിച്ച് നശിപ്പിച്ചു.'

അയാൾ തൂലിക താഴെ വെച്ചു. അവൾ അയാളുടെ വിരലുകളിൽ പിടിച്ച് തോട്ടത്തിലേക്ക് കൂട്ടി. മഴ ശമിച്ചിരിക്കുന്നു. അവിടെ ചെന്നു നോക്കിയപ്പോൾ മകൾ പറഞ്ഞത് ശരിയാണ്. മഞ്ഞ നിറത്തിൽ തുടുത്തുനിൽക്കുന്ന പേരയ്ക്കകളിൽ പക്ഷികൾ ആഴത്തിൽ മുറിവേൽപിച്ചിരിക്കുന്നു. പാതി ഭക്ഷിച്ചും ബാക്കി ചീഞ്ഞും അവ താഴെ വീഴാൻ പാകത്തിൽ നിൽക്കുന്നു.

'ദേ.. നോക്ക്, ബാക്കിയുള്ളവ കൂടി അവ കൊത്തി നശിപ്പിക്കും. നമുക്ക് അവയെ പ്ലാസ്റ്റിക് കവറുകൊണ്ട് പൊതിഞ്ഞുവെച്ചുകൂടേ? എല്ലാവരും അങ്ങനെയാ ചെയ്യാറ്...' അവൾ നിഷ്കളങ്കമായി ചോദിച്ചു.

അവളുടെ വാക്കുകൾ കേട്ട് അയാൾ ഒരു നിമിഷം നിന്നുപോയി. അൽപം മുമ്പ് കടലാസിൽ കുറിച്ച വരികൾ ഉള്ളിൽ നിന്നെത്തിനോക്കി അയാളെ പരിഹസിച്ചു. സംരക്ഷണം എന്നത് അടിമത്തമാണോ അതോ കരുതലാണോ?

അയാൾ വീട്ടിനകത്തേക്കു ചെന്ന് കുറച്ച് പഴയ കവറുകളെടുത്ത് തോട്ടത്തിലേക്ക് തിരികെ വന്നു. കൈയെത്താവുന്ന ഉയരമെ പേരക്ക മരത്തിനുള്ളൂ. മകളുടെ സഹായത്തോടെ ബാക്കിയുള്ള പേരയ്ക്കകൾ ഓരോന്നായി അയാൾ മൂടിക്കെട്ടി.

പുറത്തെ കണ്ണുകളിൽ നിന്നും പക്ഷികളുടെ കൊക്കുകളിൽനിന്നും അവ സുരക്ഷിതമായി.

'ഇനി ഇതിനെ ആരും തൊടില്ലല്ലോ അല്ലേ?' അവൾ സന്തോഷത്തോടെ ചോദിച്ചു.

'ഇല്ല മോളേ...ഇതിപ്പോൾ സുരക്ഷിതമാണ്' അയാൾ പതിയെ പറഞ്ഞു.

തിരികെ മുറിയിലെത്തിയപ്പോൾ മേശപ്പുറത്തിരുന്ന തന്റെ ലേഖനം തന്നെ നോക്കി പരിഹസിച്ച് ചിരിക്കുന്നതായി അയാൾക്ക് തോന്നി. തട്ടമിട്ട പെണ്ണിനെ 'പ്രാകൃത യുഗത്തിന്റെ പിൻഗാമി' എന്ന് വിശേഷിപ്പിച്ച അതേ തൂലികയെടുത്ത് അയാൾ താനെഴുതിയ വരികൾ തലങ്ങും വിലങ്ങും വെട്ടി.

പകരം പുതിയൊരു കടലാസെടുത്ത് തിരിച്ചറിവിന്റെ പുതിയ പാഠങ്ങൾ എഴുതിച്ചേർത്തു:

'മൂടിവെക്കൽ അടിമത്തമല്ല, പ്രാകൃതമായ നടപടിയല്ല, അത് വിലപ്പെട്ടതിനെ കാത്തുസൂക്ഷിക്കാനുള്ള കരുതലാണ്.' ■



# കേരളം ജയിക്കണം വർഗീയത തുലയണം

സുഫ്യാൻ അബ്ദുസ്സലാം
: 81296 17676

**കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നിരിക്കുകയാണ്. വർഗീയതയോടുള്ള മൃദുഭാവം, അഹന്തയും ധാർഷ്ട്യവും നിറഞ്ഞ സമീപനങ്ങൾ, അഴിമതിയോടുള്ള അയഞ്ഞ നിലപാട്, ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ടുള്ള കാർക്കശ്യം, അവകാശ സമരങ്ങളോടുള്ള അടിച്ചമർത്തൽ മനോഭാവം, മതനിരാസ ലിബറൽ ആശയങ്ങളെ അടിച്ചേൽപ്പിക്കാനുള്ള കുത്സിത ശ്രമങ്ങൾ... തുടങ്ങി ഭരണകക്ഷിയുടെ തോൽവി വിലയിരുത്താനുള്ള ഏകകങ്ങൾ ഏറെയാണ്. പരാജിതർക്കുള്ള തിരുത്ത് മാത്രമല്ല, വിജയികൾക്കുള്ള മുന്നറിയിപ്പ് കൂടിയാണ് മേൽ സൂചകങ്ങൾ.**

ഏപ്രിൽ 9ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഏകദേശം ഒരു മാസത്തെ കാത്തിരിപ്പിന് ശേഷം പുറത്തുവന്നിരിക്കുകയാണ്. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതു ജനാധിപത്യ മുന്നണി തകർന്നു തരിപ്പണമായിരിക്കുകയാണ്. 99 അംഗങ്ങളുണ്ടായിരുന്ന അവർക്ക് ഇപ്പോൾ ലഭിച്ചത് കേവലം 35 മാത്രമാണ്. 102 സീറ്റുകളാണ് ഐക്യജനാധിപത്യമുന്നണി നേടിയത്. കേരള തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയധികം സീറ്റുകൾ ഒരു മുന്നണി നേടുന്നത്. അതോടൊപ്പം കേരളത്തിനൊട്ടും പരിചിതമല്ലാത്ത വിധത്തിൽ

ഹിന്ദുത്വ വർഗീയ പാർട്ടിയായ ബിജെപി മൂന്ന് സീറ്റുകൾ നേടിയത് ഏവരെയും അമ്പരപ്പിച്ചിട്ടുണ്ട്.

### എന്തുകൊണ്ട് തോറ്റു?

പത്തു വർഷം തുടർഭരണം നടത്തിവന്ന സിപിഎം നേതൃത്വത്തിലുള്ള ഇടതുമുന്നണിക്ക് എന്തുകൊണ്ടാണ് ഇത്രയും കനത്ത പരാജയം സംഭവിച്ചത് എന്ന് വിലയിരുത്തപ്പെടേണ്ടതുണ്ട്. കേരളത്തിൽ മുന്ന ണികൾ മാറിമാറി ഭരിച്ച ചരിത്രമാണുള്ളത്. എന്നാൽ മുന്നണികൾ മാറുമ്പോൾ കേവല ഭൂരിപക്ഷത്തിൽ നിന്നും ഏതാനും സീറ്റുകൾ മാത്രമാണ് കൂടുതലായി ജയിക്കുന്ന മുന്നണിക്ക് ലഭിക്കാറുള്ളത്. 29 സീറ്റുവരെ കൂടുതൽ ലഭിച്ച അപൂർവം സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. എന്നാൽ ഇത്തവണ അടിച്ചുവീശിയത് ഭരണ വിരുദ്ധ കൊടുങ്കാറ്റായിരുന്നു എന്നത് മനസ്സിലാക്കാൻ അധികം ഗവേഷണങ്ങളൊന്നും വേണ്ടതില്ല. സ്വന്തം അംഗങ്ങൾ പോലും മുന്നണിക്കെതിരെ വോട്ടു ചെയ്തു എന്നത് തെരഞ്ഞെടുപ്പ് ഫലങ്ങളിൽ വ്യക്തമാകുന്നുണ്ട്.

വർഗീയതയോടുള്ള മൃദുഭാവം, അഹന്തയും അഹങ്കാരവും ധാർഷ്ട്യവും നിറഞ്ഞ സമീപനങ്ങൾ, അഴിമതിയോടുള്ള അയഞ്ഞ നിലപാട്, ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തിക്കൊണ്ടുള്ള കാർക്കശ്യം, അവകാശ സമരങ്ങളോടുള്ള അടിച്ചമർത്തൽ മനോഭാവം, മതനിരാസ ലിബറൽ ആശയങ്ങളെ അടിച്ചേൽപിക്കാനുള്ള കുത്സിത ശ്രമങ്ങൾ തുടങ്ങി നിരവധി കാരണങ്ങളാണ് ഇടതുമുന്നണിയുടെ തകർച്ചക്ക് കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എന്നാൽ ഇത്തരത്തിലുള്ള കാരണങ്ങളെ കുറിച്ചൊന്നും യഥാവിധി പഠനം നടത്താതെ തങ്ങൾക്ക് യാതൊരു കുഴപ്പവും സംഭവിച്ചില്ലെന്ന അഭിപ്രായപ്രകടനങ്ങൾ നടത്താനാണ് മുന്നണി നേതാക്കൾ ഇപ്പോഴും ശ്രമിക്കുന്നത് എന്നത് അങ്ങേയറ്റം ഖേദകരമാണ്. 'തികച്ചും ഉദാസീനവും അരാഷ്ട്രീയവുമായ നിലപാടാണ് ജനങ്ങൾ സ്വീകരിച്ചിരിക്കുന്നത്' തുടങ്ങിയ, ജനങ്ങളെ വെല്ലുവിളിക്കുന്ന തരത്തിലുള്ള പ്രസ്താവനകളാണ് മുതിർന്ന നേതാക്കളിൽനിന്നും വന്നിട്ടുള്ളത്.

### ജനങ്ങളെ വെല്ലുവിളിക്കരുത്

ഏതൊരു സർക്കാരും കുറെ 'ശരികൾ' ചെയ്യുകാണുമെന്ന കാര്യത്തിൽ സംശയമില്ല. ഓരോ സർക്കാരിന്റെയും അടിസ്ഥാനപരമായ ഉത്തരവാദിത്തങ്ങളിൽ പെട്ടതാണ് അത്. എന്നാൽ തങ്ങൾ ചെയ്യുന്നതെന്തും ജനങ്ങൾക്കുള്ള തങ്ങളുടെ ഔദാര്യമായിട്ടാണ് ഇടതുമുന്നണി അവതരിപ്പിക്കാൻ ശ്രമിച്ചത്. കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഫലം എതിരായി വന്നപ്പോൾ 'പെൻഷനും ആനുകൂല്യങ്ങളും വാങ്ങി ശാപ്പാടും കഴിച്ച് തങ്ങൾക്കെതിരെ വോട്ട് ചെയ്തത് നന്ദികേടാണ്' എന്ന് മുന്നണിയുടെ ഒരു പ്രമുഖ നേതാവ് പ്രസ്താവിച്ചത് ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തിയതിന്റെ മകുടോദാഹരണമാണ്. ജനാധിപ ത്യസംവിധാനത്തിൽ ഒരു പൗരന്റെ ജീവിക്കാനുള്ള അവകാശം, ഭക്ഷണം, പാർപ്പിടം തുടങ്ങി ഓരോ വ്യക്തിക്കും ലഭിക്കേണ്ട അവകാശങ്ങൾ തുടങ്ങിയവയൊന്നും സർക്കാരിന്റെ ആനുകൂല്യങ്ങളല്ല. മറിച്ച് സർക്കാർ ചെയ്തുകൊടുക്കേണ്ട കടമകളാണത്. കടമ നിർവഹിക്കുന്നില്ലെങ്കിൽ പിടിച്ച് വാങ്ങാനുള്ള അവകാശം പൗരന്മാർക്കുണ്ട്. എന്നാൽ തങ്ങളുടെ തിണ്ണ നിരങ്ങുന്നവർക്ക് എന്തെങ്കിലുമൊക്കെ എറി ഞ്ഞുകൊടുക്കുന്ന പഴയ ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയിലെ ജന്മിമാരെ പോലെയാണ് കഴിഞ്ഞ കുറെ വർ ഷങ്ങളായി കേരള സർക്കാർ പെരുമാറിക്കൊണ്ടിരുന്നത്.

### ഏകാധിപത്യ പ്രവണത

ഒരു വ്യക്തിയിൽ മാത്രം കേന്ദ്രീകൃതമായിട്ടുള്ളതും മറ്റൊരാളെയും പരിഗണിക്കാത്തതുമായ രാഷ്ട്രീയം ഫാസിസത്തിന് തുല്യമാണ്. പിണറായി സർക്കാരിന്റെ മുഖമുദ്രയായി പ്രധാനമായും വിമർശകർ ഉന്നയിച്ചിരുന്നത് പിണറായി എന്ന ബിംബത്തിലേക്ക് പാർട്ടിയെയും സർക്കാരിനെയും ഒതുക്കിക്കെട്ടി എന്നതാണ്. തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ കൂടെ പ്രവർത്തിച്ചിരുന്ന മന്ത്രിമാരുടെ പോലും മുഖങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നില്ല. മഞ്ചേശ്വരം മുതൽ പാറശാല വരെയുള്ള മണ്ഡലങ്ങളിലുടനീളം മുഖ്യമന്ത്രിയുടെ തലയും ഫിഗറുമല്ലാതെ മറ്റൊരു മുഖവും കണ്ടില്ല എന്നത് എത്രമാത്രം ഏകാധിപത്യപരമായ സമീപനമാണ്

> **ഒരു വ്യക്തിയിൽ മാത്രം കേന്ദ്രീകൃതമായിട്ടുള്ളതും മറ്റൊരാളെയും പരിഗണിക്കാത്തതുമായ രാഷ്ട്രീയം ഫാസിസത്തിന് തുല്യമാണ്. പിണറായി സർക്കാരിന്റെ മുഖമുദ്രയായി പ്രധാനമായും വിമർശകർ ഉന്നയിച്ചിരുന്നത് പിണറായി എന്ന ബിംബത്തിലേക്ക് പാർട്ടിയെയും സർക്കാരിനെയും ഒതുക്കിക്കെട്ടി എന്നതാണ്. തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ കൂടെ പ്രവർത്തിച്ചിരുന്ന മന്ത്രിമാരുടെ പോലും മുഖങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നില്ല. മഞ്ചേശ്വരം മുതൽ പാറശാല വരെയുള്ള മണ്ഡലങ്ങളിലുടനീളം മുഖ്യമന്ത്രിയുടെ തലയും ഫിഗറുമല്ലാതെ മറ്റൊരു മുഖവും കണ്ടില്ല എന്നത് എത്രമാത്രം ഏകാധിപത്യപരമായ സമീപനമാണ് സ്വീകരിക്കപ്പെട്ടിരുന്നത് എന്നത് വ്യക്തമാണ്**

സ്വീകരിക്കപ്പെട്ടിരുന്നത് എന്നത് വ്യക്തമാണ്. ഒരു ടീം എന്ന നിലക്ക് പ്രവർത്തിക്കേണ്ടിയിരുന്ന മന്ത്രിസഭയും സർക്കാരും ഒരു രാജസഭയുടെ അവസ്ഥയിലേക്ക് മാറി. മന്ത്രിസഭ ചേർന്ന് തീരുമാനമെടുക്കേണ്ട കാര്യങ്ങളിൽ പോലും ഒറ്റക്ക് തീരുമാനമെടുക്കുന്ന അവസ്ഥയിലേക്ക് മാറി. ന്യൂനപക്ഷങ്ങളെ ആശങ്കയിലാക്കുന്ന തരത്തിൽ പിഎം ശ്രീ പോലുള്ള പദ്ധതികൾ കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ചത് മന്ത്രിസഭയോ ബന്ധപ്പെട്ട മന്ത്രിയോ പോലും അറിയാതെയായിരുന്നു എന്നത് എത്രമാത്രം ഞെട്ടിപ്പി ക്കുന്നതാണ്.

### വർഗീയതയെ പേറി നടക്കരുത്

കേരളത്തിൽ വർഗീയത ഇത്രമാത്രം കൊടിയുയർത്തി പാറിപ്പറന്ന കാലം വേറെ ഉണ്ടായിട്ടില്ല. ന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും നീതി നടപ്പാക്കുക എന്നതാണ് ഒരു സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും കടമ. ന്യൂനപക്ഷ വോട്ടുകൾ കിട്ടാൻ ഭൂരിപക്ഷത്തെയോ ഭൂരിപക്ഷ വോട്ടുകൾ കിട്ടാൻ ന്യൂനപക്ഷത്തെയോ എതിർപക്ഷത്ത് നിർത്തുന്ന സമീപനം സംസ്ഥാനത്തിന്റെ സാമൂഹിക ഘടനയിൽ (Social fabric) എത്രമാത്രം വിള്ളലുകൾ ഉണ്ടാക്കുമെന്ന ബോധം സർ ക്കാരുകൾക്കുണ്ടാവണം. മുസ്‌ലിം സമുദായത്തെയും മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളെയും മുസ്‌ലിം സംഘടനകളെയും നേതാക്കളെയുമെല്ലാം വർഗീയത പറഞ്ഞ് വിമർശിച്ചുകൊണ്ടിരിക്കുന്ന വെള്ളാപ്പള്ളി നടേശനെ പോലെയുള്ളവർക്കെതിരെ ചെറുവിരൽ അനക്കാൻ സാധിക്കാതിരുന്നതിന്റെ പിന്നിൽ ഭൂരിപക്ഷ വർഗീയതയെ പ്രീണിപ്പിക്കൽ അല്ലാതെ മറ്റെന്താണുണ്ടായിരുന്നത്? വെള്ളാപ്പള്ളിയെ ശ്രീനാരായണഗുരുവിനോട് ഉപമിച്ചുകൊണ്ട് 'ഗുരുനിന്ദ' നടത്തിയ മുഖ്യമന്ത്രിയുടെ പ്രസ്താവനക്കെതിരെ ശ്രീനാരയണീയരുടെ കൂടെ പ്രതിഷേധമാണ് തെരഞ്ഞെടുപ്പിൽ കണ്ടത്.

### ഹൈന്ദവജനതയുടെ മതേതര നിലപാട്

കേരളത്തിലെ ഹൈന്ദവഭൂരിപക്ഷത്തെ വർഗീയതകൊണ്ട് കൂട്ടിപ്പിടിക്കാമെന്ന് വിചാരിച്ചവർക്കുള്ള ശക്തമായ താക്കീതാണ് ഈ തെരഞ്ഞെടുപ്പ്. മതനിരപേക്ഷതയെയും മതസൗഹാർദത്തെയും ഉയർത്തിപ്പിടിച്ച പാരമ്പര്യമുള്ള കേരളത്തിലെ ഹൈന്ദവജനത സർക്കാർ ഉയർത്തിപ്പിടിച്ച ഹൈന്ദവ പ്രീണനത്തെ അറപ്പോടും വെറുപ്പോടുമാണ് കണ്ടത്. രാജ്യത്ത് ബിജെപിയും സംഘപരിവാർ സംഘടനയും ഉയർത്തിപ്പിടിക്കുന്ന വെറുപ്പിന്റെ രാഷ്ട്രീയത്തിൽ ശ്വാസം മുട്ടിക്കൊണ്ടിരിക്കുന്ന മുസ്‌ലിം, ക്രൈസ്തവ വിഭാഗങ്ങളെ നെഞ്ചോട് ചേർത്ത് പിടിച്ച പാരമ്പര്യമാണ് കേരളത്തിലെ ഭൂരിപക്ഷം ഹൈന്ദവകുടുംബങ്ങൾക്കുമുള്ളത്. അവർക്കിടയിൽ മുസ്‌ലിം വിരുദ്ധ മനോഭാവം സൃഷ്ടിച്ച് അതിലൂടെ വോട്ട് നേടി വീണ്ടും അധികാരത്തിലെത്താമെന്ന് വിചാരിച്ചവർക്കുള്ള മറുപടികൂടിയാണ് ഈ തെരഞ്ഞെടുപ്പ്. സർ ക്കാരിന്റെ ദുഷ്ടലാക്ക് മനസ്സിലാക്കിയ അവരുടെ മറുപടി കൂടിയാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്.

### കാര്യം തിരിച്ചറിഞ്ഞ ക്രൈസ്തവ സമൂഹം

ക്രൈസ്തവ ജനവിഭാഗങ്ങൾക്കിടയിൽ സംഘപരിവാർ സൃഷ്ടിച്ച മുസ്‌ലിം ഭീതിയെയും ഈ തെരഞ്ഞെടുപ്പ് മറികടന്നു. മധ്യകേരളത്തിലെ ക്രിസ്ത്യൻ ഭൂരിപക്ഷ പ്രദേശങ്ങളിൽ ആട്ടിൻ തോലണിഞ്ഞ ചെന്നായപോലെ കടന്നുവന്ന ബിജെപിക്ക് ക്രിസ്ത്യൻ ന്യൂനപക്ഷം കൃത്യമായ മറുപടി നൽകി. മതേതര മുഖത്തോടെ രാഷ്ട്രീയത്തിൽ ആവിർഭാവം നടത്തിയ ട്വന്റി ട്വന്റി, ക്രൈസ്തവ ന്യൂനപക്ഷത്തെ ബിജെപിയുടെ ആലയിൽ എത്തിക്കാൻ ശ്രമിച്ചത് വലിയ ഭീതിയോ

ടെയാണ് കേരളം കണ്ടിരുന്നത്. ഒരു സുപ്രഭാതത്തിൽ എൻ.ഡി .എ യുടെ ഭാഗമായ അവർക്കും കേരളത്തിലെ മതേതര ക്രൈസ്തവ സമൂഹം കൃത്യമായി മറുപടി നൽകി. ക്രൈസ്തവ സഭകൾക്കുള്ളിൽ പിസി ജോർജും മകൻ ഷോണും കിണഞ്ഞു ശ്രമിച്ചുനോക്കിയെങ്കിലും അവരുടെ ഉദ്ദേശ്യത്തെ തിരിച്ചറിയാൻ സഭകൾക്കും കുഞ്ഞാടുകൾക്കും സാധിച്ചു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ ക്രൈസ്തവ മിഷനറിമാർക്കെതിരെയും കന്യാസ്ത്രീകൾക്കെതിരെയും സംഘപരിവാർ നടത്തിയ സമാനതകളില്ലാത്ത ക്രൂരതകളെ തിരിച്ചറിഞ്ഞ അവർ ബിജെപിയെ അകറ്റി നിറുത്തി. ക്രൈസ്തവമേഖലകളിൽ രണ്ടാം സ്ഥാനത്തെങ്കിലും എത്തുക എന്ന ബിജെപിയുടെ മോഹം അങ്ങനെ പൊലിഞ്ഞു.

**ബിജെപി അക്കൗണ്ട് തുറക്കുമ്പോൾ**

വർഗീയതയെ കുഴിച്ചുമൂടാൻ ഈ തെരഞ്ഞെടുപ്പിന് സാധിച്ചുവെന്ന് വിലയിരുത്തുമ്പോൾ തന്നെയും കേരളത്തെ ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന വിധത്തിൽ മൂന്ന് സംഘ്പരിവാറുകാർ നിയമസഭയിൽ ഇടംപിടിച്ചിരിക്കുന്നു. വിജയിച്ച മൂന്നിടങ്ങളിലും നേരിയ ഭൂരിപക്ഷമാണ് അവർക്ക് ലഭിച്ചിട്ടുള്ളതെങ്കിലും മൂന്നെന്ന അക്കം ആശങ്കപ്പെടുത്തുന്നതാണ്. മൂന്നിടങ്ങളിലെയും അവരുടെ വിജയം മതനിരപേക്ഷ കക്ഷികളുടെയും ന്യൂനപക്ഷ വിഭാഗങ്ങളുടെയും ജാഗ്രതക്കുറവ് കൊണ്ടുമാത്രം സംഭവിച്ചതാണ്. ബിജെ പി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ വിജയിച്ച നേമം മണ്ഡലം നേരത്തെ 2016ൽ ഒ രാജഗോപാൽ വിജയിച്ച മണ്ഡലമാണെങ്കിലും ന്യൂനപക്ഷ വോട്ടുകൾ ഭിന്നിച്ചില്ലായിരുന്നുവെങ്കിൽ അവർക്കവിടെ വിജയിക്കാൻ സാധിക്കുമായിരുന്നില്ല. 2001 മുതൽ 2011 വരെ കോൺഗ്രസ് കൈപിടിയിലൊതുക്കിയിരുന്ന മണ്ഡലം അവരുടെ ജാഗ്രതക്കുറവ് കൊണ്ടുമാത്രമാണ് ബിജെപിയുടെ കരങ്ങളിൽ എത്തിച്ചത്. മതനിരപേക്ഷ കക്ഷികളിൽ ഏതെങ്കിലുമൊന്ന് വിജയിക്കട്ടെ എന്ന നിലക്കുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ വലിയ പരാജയമാണ് അവിടെ സംഭവിച്ചിട്ടുള്ളത്. കഴക്കൂട്ടം നേരത്തെ ബിജെപിയുടെ എ ക്ലാസ് മണ്ഡലങ്ങളിൽ ഒന്നാണ്. പക്ഷെ പല തവണ ശ്രമിച്ചിട്ടും അവിടെ വിജയിക്കാൻ സാധിച്ചില്ല. എന്നാൽ ഇപ്പോൾ വിരലിലെണ്ണാവുന്ന ഭൂരിപക്ഷം നേടി അവർ ജയിച്ചു കയറിയിരിക്കുന്നു. ഇടതുപക്ഷ സ്ഥാനാർഥിയുടെ പേരിൽ ശബരിമല കൊള്ളയുമായി ബന്ധപ്പെട്ട ആരോപണങ്ങൾ നിലനിൽക്കെ അതേ വ്യക്തിയെ തന്നെ അവിടെ സ്ഥാനാർഥിയാക്കിയത് എന്തിനുവേണ്ടിയായിരുന്നു എന്നറിയില്ല.



**ചാത്തന്നൂരിലെ പാഠം**

ചാത്തന്നൂരിൽ കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ 54170 വോട്ടുകൾ ഇടതുമുന്നണി നേടിയപ്പോൾ 37075 വോട്ടുകൾ മാത്രമാണ് മൂന്നാം സ്ഥാനത്ത് എത്തിയ ബിജെപിക്ക് ഉണ്ടായിരുന്നത്. 42181 വോട്ടുകൾ യുഡിഎഫ് നേടിയിരുന്നു. എന്നാൽ ഇപ്പോൾ ഇടതുമുന്നണി 47525 വോട്ടുകളും യുഡിഎഫ് 35276 വോട്ടുകൾക്കാണ് നേടിയിരിക്കുന്നത് എന്ന കാര്യം എല്ലാ മുന്നണികളും പരിശോധിക്കുന്നത് നന്നായിരിക്കും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ (2021) 17206 വോട്ടിന്റെ ഭൂരിപക്ഷമായിരുന്നു ഇടതുമുന്നണിക്ക് ഉണ്ടായിരുന്നത്. എന്നാൽ 2024 ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ 15571 വോട്ടിന്റെ ഭൂരിപക്ഷം യുഡിഎഫ് ഇവിടെ നേടിയിട്ടുണ്ട്. നാല് മാസം മുമ്പ് നടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ 11989 വോട്ടിന്റെ ഭൂരിപക്ഷമാണ് ഇടതുമുന്നണി നേടിയത്. ഇങ്ങനെയുള്ള ഒരു മണ്ഡലത്തിൽ ഈ തെരഞ്ഞെടുപ്പിൽ 4398 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ബിജെപി വിജയിച്ചത് എന്ന് പരിശോധിക്കാനുള്ള ബാധ്യത യുഡിഎഫിനും എൽഡിഎഫിനും ഒരുപോലെയുണ്ട്.

വീതംവെപ്പുകളും ഡീലുകളും ആരോപണങ്ങളായി മാത്രം നിലനിന്നാൽ പോരാ, മറിച്ച് കൃത്യമായ പ്രതിവിധികൾ കണ്ടെത്തി അതിനെ പ്രതിരോധിക്കുകയും വേണം.

**ബംഗാൾ പാഠമാവട്ടെ**

ബിജെപി കേവലം മൂന്ന് സീറ്റല്ലേ നേടിയിട്ടുള്ളൂ എന്ന ആശ്വാസത്തിൽ നിൽക്കുന്നത് ഭൂഷണമല്ല. 2016 ലെ തെരഞ്ഞെടുപ്പിൽ പശ്ചിമ ബംഗാളിൽ മൂന്ന് സീറ്റ് നേടിക്കൊണ്ടാണ് ബിജെപി അവിടെ അക്കൗണ്ട് തുറന്നത്. എന്നാൽ 2021 ആയപ്പോൾ അത് 77 ആക്കി വർധിപ്പിക്കാൻ അവർക്ക് സാധിച്ചു. 2026ൽ അത് 206 സീറ്റാക്കി മൂന്നിൽ രണ്ടാക്കി ഉയർത്താൻ ബിജെപിക്ക് സാധിച്ചുവെങ്കിൽ കേരളത്തിലെ അവരുടെ മൂന്ന് സീറ്റിനെ കുറിച്ച് പഠിക്കുകയും വരുംനാളുകളിലെ അവരുടെ മുന്നേറ്റത്തെ പ്രതിരോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇല്ലെങ്കിൽ കേരളം ബിജെപിക്ക് അസാധ്യം എന്ന ധാരണ പിഴുതെറിയപ്പെടും.

**ഇടതുമുന്നണി നിലനിൽക്കണം**

ഇടതുമുന്നണി തകരാൻ പാടില്ല. കേരളത്തിലെ നിലവിലുള്ള ഏതെങ്കിലും ഒരു മുന്നണിയുടെ സമ്പൂർണ തകർച്ച വർഗീയ വിധ്വംസക വിഭാഗങ്ങൾക്ക് തലപൊക്കാനുള്ള അവസരം സൃഷ്ടിക്കും. ഭൂരിപക്ഷ വർഗീയതയുടെ വക്താക്കളായ ബിജെപി കേരളത്തിലെ ഏതെങ്കിലുമൊരു മുന്നണിയുടെ തകർച്ച പ്രതീക്ഷിച്ചിരിക്കുകയാണ്. അവരുടെ ഉജ്ജീവനം സാധ്യമാവണമെങ്കിൽ മുന്നണികൾ തകരണം. അതുകൊണ്ടുതന്നെ ഇടതുമുന്നണി തെറ്റുകൾ തിരുത്തി കേരള രാഷ്ട്രീയത്തിൽ പക്വമായ ഇടപെടലുകളോടെ സജീവമായി നിലനിൽക്കണം. സാമ്പ്രദായികമായ പ്രതിപക്ഷ സമരങ്ങളെക്കാൾ സംസ്ഥാനം നേരിടുന്ന കടുത്ത പ്രതിസന്ധികളിൽ പുതിയ സർക്കാരുമായി യോജിച്ച് പ്രവർത്തിക്കാൻ സാധിക്കണം. ക്രിയാത്മക പ്രതിപക്ഷമായി ജനപക്ഷത്ത് നിന്നുകൊണ്ട് അവർ സജീവ രാഷ്ട്രീയത്തിൽ ഇടപെടണം. അരാഷ്ട്രീയത സംസ്ഥാനത്ത് വർഗീയ സംഘടനകൾക്ക് ആക്കംകൂട്ടും.

**യുഡിഎഫ് ജനഹിതമനുസരിക്കണം**

സംസ്ഥാനത്ത് വമ്പിച്ച ഭൂരിപക്ഷത്തോടെയാണ് യുഡിഎഫ് അധികാരത്തിൽ വന്നിട്ടുള്ളത്. ജനം നൽകിയ അധികാരമാണത്. സംസ്ഥാനത്തെ സത്യസന്ധമായും, നീതിയുക്തമായും, പക്ഷപാതമില്ലാതെയും ഭരിക്കുന്നതിന് വേണ്ടിയാണ് ജനങ്ങൾ ഈ അധികാരം അവർക്ക് നൽകിയിട്ടുള്ളത്. ഇടതുപക്ഷ സർക്കാരിന് ഉണ്ടായിരുന്ന മേൽസൂചിപ്പിച്ച നിരവധി അപചയങ്ങളിൽനിന്ന് പാഠം ഉൾക്കൊള്ളാൻ യുഡിഎഫ് സർക്കാരും തയ്യാറാവേണ്ടതുണ്ട്. യുഡിഎഫ് അധികാരത്തിൽ വരുമ്പോൾ പൊതുവിൽ ഉണ്ടാകുന്ന പ്രശ്നം പാർട്ടിക്കുള്ളിലെ ഗ്രൂപ്പ് വഴക്കുകളും താൻപോരിമകളുമാണ്. ആരായിരിക്കും യുഡിഎഫിന്റെ മുഖ്യമന്ത്രി എന്നതിനെ സംബന്ധിച്ചുള്ള പരസ്യമായ ചർച്ചകൾ തെരഞ്ഞെടുപ്പ് വിജയത്തിന് മങ്ങലേൽപിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. ജനങ്ങളാണ് അധികാരം നൽകിയത് എന്ന തിരിച്ചറിവ് യുഡിഎഫിന് നഷ്ടപ്പെട്ടുകൂടാ. വികസനം, ധനസ്ഥിതിയുടെ കെട്ടുറപ്പ്, ആഭ്യന്തര സുരക്ഷിതത്വം, വിദ്യാഭ്യാസ വികാസത്തിന് കൃത്യമായ കാഴ്ചപ്പാട്, ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിലുള്ള കണിശത തുടങ്ങിയ സർക്കാർ പ്രതിബദ്ധമായിട്ടുള്ള കാര്യങ്ങളിൽ ഉദാസീനതകളില്ലാതെ പ്രവർത്തിക്കാൻ സാധിക്കേണ്ടതുണ്ട്.

**വിജയം ഏതെങ്കിലും ഒരു വിഭാഗത്തിന്റെയല്ല**

യുഡിഎഫ് നേടിയ തിളക്കമാർന്ന വിജയത്തെ ഏതെങ്കിലും മതവിഭാഗത്തിന്റെയോ ന്യൂനപക്ഷ സമുദായങ്ങളുടെയോ വിജയമായി കാണുന്നവരുണ്ട്. അത് ഒട്ടും ശരിയല്ല. ഇത് കേരള ജനത ഒറ്റക്കെട്ടായി കൈകോർത്തുപിടിച്ച വിജയമാണ്. ഭൂരിപക്ഷ, ന്യൂനപക്ഷ വിഭാഗങ്ങളും മതവിശ്വാസികളും മതബോധമില്ലാത്തവരും ഇടതുരാഷ്ട്രീയത്തെ നെഞ്ചേറ്റിയവരുമെല്ലാം ഒരുമിച്ച് നേടിയ വിജയമാണ്. ഭൂരിപക്ഷ വർഗീയതയോട് സന്ധിചേരില്ലെന്ന് ഉറപ്പിച്ചു പറയുമ്പോഴും ന്യൂനപക്ഷ വർഗീയതയോടും രാജിയാവില്ലെന്ന് പ്രഖ്യാപിക്കാനുള്ള ആർജവവും കാണിക്കേണ്ടതുണ്ട്. പ്രതിപക്ഷ നേതാവ് വിഡി സതീശൻ പല അഭിമുഖങ്ങളിലും ആവർത്തിച്ചു പറഞ്ഞ പോലെ 'ഞാനും മുഖ്യമന്ത്രിയുമെല്ലാം ഈ ലോകത്തോട് വിടപറഞ്ഞുപോകും. ഞങ്ങൾ പോയാലും ഈ നാട് നിലനിൽക്കേണ്ടതുണ്ട്. ജനങ്ങൾ മതത്തിന്റെ പേരിൽ പരസ്പരം കഴുത്തറുക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവാൻ പാടില്ല' എന്ന ബോധം കേരളീയ സമൂഹത്തിന് പകർന്നു നൽകുന്ന തരത്തിലുള്ള സഹിഷ്ണുതയുടെ ഉന്നതമൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ പുതിയ യുഡിഎഫ് സർക്കാരിന് സാധിക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം. ■

# പുതുതലമുറയെപ്പറ്റി വേവലാതിപ്പെടുന്ന മാതാപിതാക്കളോട്

റോഷൻ പുനലൂർ
: 8590613225

വേനലവധിക്കാലം വന്നതോടെ മക്കൾക്കു വേണ്ടിയുള്ള ക്യാമ്പുകളാണ് നാട്ടിലെങ്ങും. എന്നാൽ കുട്ടികൾക്ക് മാത്രമല്ല, രക്ഷിതാക്കൾക്കും നല്ല രക്ഷാകർതൃത്വത്തെക്കുറിച്ച് പഠന ക്യാമ്പുകൾ അനിവാര്യമാണ്. ഈയിടെ ഉണ്ടായ ഒരു അനുഭവമാണ് ഇങ്ങനെ പറയാനുള്ള കാരണം. മതപണ്ഡിതനും കൗൺസിലറുമായ ഒരു വ്യക്തിയുമായി സംസാരിക്കുന്നതിനിടയിൽ അദ്ദേഹം പങ്കുവെച്ച ഒരു അനുഭവം ഇങ്ങനെയായിരുന്നു: 'ഒരു കുട്ടിയുടെ മാതാപിതാക്കൾ പ്രശ്നവുമായി വന്നു. മകനെ കുറിച്ചുള്ള പരാതികളുടെ കെട്ടഴിച്ചു അവർ. ഏറെ സമയം അവരെ കേട്ടു. പ്രശ്നം പഠിച്ചു. മകന്റെ ഭാഗത്ത് ചില്ലറ പ്രശ്നങ്ങൾ സ്വാഭാവികമാണ്. പക്ഷേ, അവർക്കിടയിലെ പ്രശ്നങ്ങളുടെ മർമം ആ മാതാപിതാക്കളുടെ നിലപാടുകളും സമീപനങ്ങളും ചില വാശിയേറിയ തീരുമാനങ്ങളുമായിരുന്നു. അത് അവരെ ബോധ്യപ്പെടുത്താൻ ഏറെ പണിപ്പെടേണ്ടി വന്നു.'

കുട്ടികളുടെ പഠനം, സ്വഭാവ രീതികൾ, ആരാധനാ കർമങ്ങൾ, വിവാഹം തുടങ്ങിയവയിലൊക്കെ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നതിൽ രക്ഷിതാക്കളുടെ സമീപന രീതികൾക്ക് വലിയ പങ്കുണ്ട്. അപവാദങ്ങളെ സാമാന്യവൽക്കരിക്കുന്നില്ലെങ്കിൽ, നമ്മുടെ കുട്ടികളിൽ ഭൂരിപക്ഷവും കഴിവുറ്റവരാണ്, പലതരം ശേഷികളാൽ സമ്പന്നരും. അറിവും നിലപാടുകളും ചിന്താശേഷിയുമൊക്കെ ഉള്ളവരാണ് പുതിയകാലത്തെ കുട്ടികളിൽ വലിയ ശതമാനവും. ശരാശരി നിലവാരം പുലർത്തുന്നവരാണ് മറ്റു ചിലർ. പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടേയിരിക്കുന്നവർ താരതമ്യേന കുറവാണ്. മില്ലേനിയം ജനറേഷൻ, ആൽഫ ജനറേഷൻ എന്നൊക്കെ വിളിക്കപ്പെടുന്ന പുതിയ കാലത്തെ കുട്ടികൾ തികച്ചും വ്യത്യസ്തമായ ഒരു തലമുറയാണ്. രക്ഷിതാക്കൾ തങ്ങളുടെ ലോകത്തിരുന്ന് അവരെ നയിക്കാനും നിയന്ത്രിക്കാനും ശ്രമിക്കുന്നതാണ് പല പ്പോഴും അപകടം വരുത്തുന്നത്.

കുട്ടികളെ മനസ്സിലാക്കുന്നതിലും അതിനനുസരിച്ച് പെരുമാറുന്നതിലും അംഗീകരിക്കുന്നതിലും രക്ഷിതാക്കൾ വലിയതോതിൽ പരാജയപ്പെടുന്നു എന്നത് വസ്തുതയാണ്. തങ്ങളെക്കാൾ ഉയർന്നു ചിന്തിക്കുന്നവരാണ്, കഴിവുകൾ ഉള്ളവരാണ് തങ്ങളുടെ മക്കൾ എന്ന് മനസ്സിലാക്കാൻ രക്ഷിതാക്കൾക്ക് സാധിക്കേണ്ടതുണ്ട്. അതിന് കഴിയണമെങ്കിൽ പുതിയ തലമുറയെ പഠിക്കുക തന്നെ വേണം. കുട്ടികളുടെ മനഃശാസ്ത്രം, സമീപന രീതികൾ, കഴിവുകൾ തുടങ്ങിയവയൊക്കെ രക്ഷിതാക്കൾ തിരിച്ചറിയേണ്ടതുണ്ട്. ആധുനിക കാലത്തെ ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും വളർച്ച, അതിലേക്ക് ജനിച്ചുവീഴുന്ന കുട്ടികളുടെ കഴിവുകളും കാഴ്ചപ്പാടുകളും, അതിൽ അവർ വികസിപ്പിച്ചെടുത്തിട്ടുള്ള സ്വപ്നങ്ങളുമൊക്കെ സാധാരണ രക്ഷിതാക്കൾ ആലോചിക്കുന്നതിനും അപ്പുറത്താണ്! ഇതേക്കുറിച്ചൊക്കെ രക്ഷിതാക്കൾ ആഴത്തിൽ അറിവും ബോധവുമുള്ളവരായിരിക്കണം. ഐ.ടിയിൽ വലിയ സ്വപ്നം കാണുന്ന മകനെ, തന്റെ വലിയ ഷോപ്പ് നോക്കി നടത്താൻ നിർബന്ധിക്കുന്ന രക്ഷിതാവ്, തന്റെ സ്വപ്നങ്ങൾക്കനുസരിച്ചല്ല മകന്റെ പോക്കെന്ന് വേവലാതിപ്പെടുന്നതിൽ എന്തർഥം? ചരിത്ര ഗവേഷകനായി അക്കാദമിക് ജീവിതം തെരഞ്ഞെടുക്കാനാഗ്രഹിക്കുന്ന മകനോട്, തന്റെ ബിസിനസ് സാമ്രാജ്യത്തിന്റെ മേൽനോട്ടക്കാരനാകാൻ ആവശ്യപ്പെടുന്നത് ശരിയാണോ?

പാരമ്പര്യ രക്ഷാകർതൃത്വത്തിന്റെ ശാസനാ രീതികൾക്കും അധികാരപ്രയോഗങ്ങൾക്കും അപ്പുറത്താണ് പുതിയ തലമുറയുടെ ജീവിതം എന്നുകൂടി നാം മനസ്സിലാക്കണം. ഇന്ന് വീടകങ്ങൾ സംഘർഷഭരിതമാകുന്നതിന്റെ കാരണങ്ങളിലൊന്ന്, കുട്ടികളെ മനസ്സിലാക്കുന്നതിലും അതിനനുസരിച്ച് അവരോട് പെരുമാറുന്നതിലും രക്ഷിതാക്കൾക്ക് സംഭവിക്കുന്ന ചില പിഴവുകളാണ്. കുട്ടികളുടെ പിന്നാലെ കൽപനകളും ഉപദേശങ്ങളും മാത്രമായി മുഴുസമയം നടക്കുന്ന രക്ഷിതാക്കളെ സൈ്വരക്കേടുകളായിട്ടായിരിക്കും മക്കൾ കാണുന്നത്. ഇത് രക്ഷാകർതൃത്വത്തിന്റെ പരാജയമാണ്. പാരമ്പര്യത്തിന്റെ തുടർച്ചയായാണ് പലരും രക്ഷാകർതൃത്വത്തെ പ്രയോഗത്തിൽ വരുത്തുന്നത്.

തങ്ങൾക്ക് രക്ഷിതാക്കളിൽനിന്ന് കിട്ടിയത്, തങ്ങളുടെ മക്കളിൽ പ്രയോഗിക്കുകയാണ് പലരും. കാലത്തെയും തലമുറകളെയും പഠിച്ച് വികസിപ്പിക്കേണ്ടതാണ് പുതിയ രക്ഷാകർതൃ സമീപനങ്ങൾ. ക്രിയാത്മകതക്കാണ് അതിൽ ഊന്നൽ നൽകേണ്ടത്.

കുട്ടികൾക്ക് പ്രശ്നമില്ല എന്നല്ല പറഞ്ഞുവരുന്നത്. തീർച്ചയായും പുതിയ തലമുറക്ക് അവരുടെതായ പ്രശ്നങ്ങളുണ്ട്. ഏതു കാലത്താണ് കുട്ടികളിൽ പ്രശ്നങ്ങൾ ഇല്ലാതിരുന്നത്? പുതിയ തലമുറയുടെ പ്രശ്നങ്ങളെ കുറിച്ച് ആധികൊള്ളുന്ന രക്ഷിതാക്കൾ തങ്ങളുടെ തന്നെ സ്വന്തം കുട്ടിക്കാലത്തെക്കുറിച്ചും കൗമാര ജീവിതത്തെക്കുറിച്ചും ആലോചിച്ചാൽ ഇതിനു മറുപടി ലഭിക്കും. സ്ക്രീൻ ടൈം കൂടിയത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഒരു ഭാഗത്തുണ്ട് എന്നത് ശരിയാണ്. പക്ഷേ, ആ പ്രശ്നങ്ങളെക്കാൾ എത്രയോ അപ്പുറത്താണ് പുതിയ തലമുറയുടെ താൽപര്യങ്ങളും കഴിവുകളും കാഴ്ചപ്പാടുകളും. അവയെ തിരിച്ചറിയണം, അംഗീകരിക്കണം, വളർത്താൻ കൂടെ നിൽക്കണം. കുട്ടികളെ അവരുടെ തന്നെ നല്ല സ്വപ്നങ്ങളിലേക്ക് വളർത്തണം, രക്ഷിതാക്കളുടെ സ്വപ്നങ്ങളിലേക്കല്ല!

അധികാരിയായ രക്ഷിതാക്കളുടെ കണ്ണിലൂടെ കുട്ടികളുടെ പ്രശ്നങ്ങൾ മാത്രം കാണുകയും നിഷേധാത്മക രീതിയിൽ അവയെ സമീപിക്കുകയും ചെയ്യുന്നത് ഏറെ അപകടകരമാണ്. അതിനപ്പുറമുള്ള ഒട്ടേറെ വഴികളുണ്ട് പുതിയ തലമുറയോട് ഇടപെടാനും സംവദിക്കാനും. അത് രക്ഷിതാക്കൾ പഠിച്ചെടുക്കുകതന്നെ വേണം. അതിന് നല്ല പരിശീലനം നേടണം. ആയതിനാൽ രക്ഷിതാക്കൾക്കും അവധിക്കാ ലപഠന ക്യാമ്പുകൾ അനിവാര്യമാണ്.

കുട്ടികളുടെ ക്യാമ്പിന്റെ തുടക്കത്തിലോ ഒടുക്കത്തിലോ പേരിന് നടത്തിയെന്നു വരുത്തേണ്ട ചടങ്ങ് പരിപാടിയെക്കുറിച്ചല്ല പറയുന്നത്. നല്ലൊരു പഠന ക്യാമ്പിനെ കുറിച്ചാണ്. ആസ്വാദനങ്ങളോടെയുള്ള അനുഭവമായിരിക്കണം അത്. 10 ദിവസത്തെ ക്യാമ്പ് കുട്ടികൾക്ക് നടത്തുന്നുണ്ടെങ്കിൽ അതിൽ മൂന്ന് ദിവസമെങ്കിലും മക്കൾക്ക് വേണ്ടി മാറ്റിവെക്കാൻ രക്ഷിതാക്കൾ തയാറാവേണ്ടതുണ്ട്. നവ തലമുറയും രക്ഷിതാക്കളും തമ്മിലുള്ള അകലം വർധിക്കുകയും തലമുറകളുടെ വിജയത്തിൽ നാം തോറ്റ് പോവുകയും ചെയ്യാതിരിക്കാൻ ഇത്തരം പരിപാടികൾ ആവശ്യമാണ്.

**കുട്ടികളുടെ കൂട്ടുകാരാവുക**

മക്കൾ വലുതാകുന്ന (പ്രായപൂർത്തിയോടടുക്കുന്ന) സന്ദർഭത്തിൽ കൂടുതലായി രക്ഷിതാക്കളുടെ സാമീപ്യം ആഗ്രഹിക്കുന്നു. പ്രത്യേകിച്ചും മാതാവിന്റെ സാന്ത്വനവും പരിഗണനയും ഉപ്പയുടെ ചങ്ങാത്തവും അവർ ആഗ്രഹിക്കുന്നുണ്ട്. അവരുടെ വിഷമങ്ങളും ആവലാതികളും കേൾക്കാനും പരിഹരിക്കാനും പറ്റിയ ഒരാൾ അവർക്ക് ആവശ്യമാണ്. മനുഷ്യന്റെ വ്യക്തിത്വ രൂപീകരണത്തിലെ വളരെ പ്രധാനപ്പെട്ട ഘട്ടമാണിത്. മാത്രമല്ല ഈ ഘട്ടത്തിൽ ഭയം, അസ്വസ്ഥത, സംഘർഷം തുടങ്ങിയ പല മാനസിക മാറ്റങ്ങളും സന്താനങ്ങളിൽ പ്രകടമാവുകും ചെയ്യും. സ്കൂളികളിൽനിന്നും മടങ്ങിവരുന്ന മക്കളെ പുഞ്ചിരി യോടെ സ്വീകരിക്കാൻ മാതാക്കൾ വീട്ടിലുണ്ടാവണമെന്നാണ് ആധുനിക പഠനങ്ങൾ വെളിപ്പെടുത്തുന്നത്. അതുപോലെ തന്നെയാണ് ഭക്ഷണത്തിന്റെയും ഉറക്കത്തിന്റെയും സന്ദർഭങ്ങളിലും. കാരണം മാതാവിനും സന്താനങ്ങൾക്കുമിടയിലെ ചങ്ങാത്തം അവരുടെ വിജയത്തിന്റെ അടിസ്ഥാന ഘടകമായാണ് പുതിയ പഠനങ്ങൾ പറയുന്നത്.

**ശത്രുതാ വികാരം**

ജോലിത്തിരക്കോ മറ്റോ കാരണം ദിവസത്തിൽ പ്രത്യേക സമയമോ സന്ദർഭമോ മക്കൾക്കു വേണ്ടി നീക്കിവെക്കാൻ സാധിക്കാതെവരുന്ന മാതാപിതാക്കളിൽനിന്നും അവർ അകലുകയും അവരോട് ശത്രുത വെച്ച് പുലർത്തുകയും ചെയ്യുമെന്ന് ഇതു സംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നു. അവരെ നിരീക്ഷിക്കാനും പിന്തുടരാനും വിവിധങ്ങളായ മാർഗങ്ങളും സംവിധാനങ്ങളും സ്വീകരിക്കേണ്ടതുണ്ടെന്നും അവർ സൂചിപ്പിക്കുന്നു. മാതാക്കൾ പ്രത്യേകിച്ചും ദിവസം മുഴുവൻ തന്നെയും അവരുടെ കൂടെ കൂടുന്നുവെങ്കിൽ അതാണ് കൂടുതൽ ഉത്തമമായിട്ടുള്ളത്. രക്ഷിതാക്കൾക്കും സന്താനങ്ങൾക്കുമിടയിലെ ചങ്ങാത്തം അവരുടെ വളർച്ചക്കനിവാര്യമായ കാര്യമാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ജീവിതത്തെ നേരിടുന്നതിൽ അതവർക്ക് സ്ഥൈര്യവും പ്രതീക്ഷയും നൽകുന്നു. മാതാപിതാക്കളും സന്താനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ മാറ്റ് കൂട്ടുന്ന മുഖ്യഘടകമാണ് അവർക്കിടയിലെ ചങ്ങാത്തം. സ്നേഹം, വിശ്വാസം, ബഹുമാനം തുടങ്ങിയ മൂന്ന് അടിസ്ഥാനങ്ങളിൻമേലാണ് അവർക്കിടയിലെ ചങ്ങാത്തം നിലനിൽക്കുന്നത്. സ്നേഹത്തോടും കാരുണ്യത്തോടും കൂടി അവരെ വളർത്തുക, അവരുടെ ആവലാതികൾക്ക് ചെവികൊ ടുത്ത് വിശാസം നേടിയെടുക്കുക, ആവശ്യമായ നിർദേശം നൽകുന്നതിലൂടെ അവരാൽ ആദരിക്കപ്പെടുക. അങ്ങനെ മക്കളുടെ കൂട്ടുകാരാവുക. ■

# ഹൃദയം നുറുങ്ങും കാഴ്ചകൾ!

നബീൽ പയ്യോളി
: +966 55 771 0981

ഹനീൻ എന്ന 16 വയസ്സുകാരൻ അല്ലാഹുവിന്റെ അലംഘനീയമായ വിധിയിൽ യാത്രയായി. അഡ്വ. ഹബീബ് റഹ്മാൻ എന്ന, പ്രബോധന വീഥിയിലെ ജ്യേഷ്ഠ സഹോദരന്റെ മകന്റെ പെട്ടെന്നുള്ള രോഗം അറിഞ്ഞത് മുതൽ മനസ്സ് വല്ലാതെ വേദനിച്ചു. അദ്ദേഹത്തെയും കുടുംബത്തെയും പലതവണയായി സന്ദർശിച്ചപ്പോഴും ആശ്വാസവാക്കുകൾ പറയുമ്പോഴും തിരിച്ചുവരവ് ഉണ്ടാകുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. അനേകമാളുകൾ അതിനായി പ്രാർഥിച്ചു. വിധി മറിച്ചായിരുന്നു. 24 ദിവസത്തെ ആശുപത്രി വാസത്തിനൊടുവിൽ അവൻ യാത്രയായി. 'കാരണം അറിയാത്ത ഹൃദയാഘാതം' ആ പ്ലസ് വൺ വിദ്യാർഥിയുടെ മരണത്തിലേക്ക് നയിച്ചു. അതായിരുന്നു അല്ലാഹുവിന്റെ വിധി. കുളിച്ച് യൂണിഫോം ധരിക്കാൻ പോയ ആ കൗമാരക്കാരൻ വീണുകിടക്കുന്ന കാഴ്ചയാണ് മാതാപിതാക്കൾ കണ്ടത്. അവനെ കൂട്ടാൻ വന്ന സ്കൂൾ ബസിൽ തന്നെ ആശുപത്രിയിലേക്ക് പോയി. മരണം അവനെ കൊണ്ടുപോയി.

പ്രവാസലോകത്ത് അപൂർവമായി മാത്രമാണ് മരണാനന്തര ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയുന്നത്; അടുത്ത സുഹൃത്തുക്കളോ ബന്ധുക്കളോ ആദർശ സഹോദരങ്ങളോ കൂടെ ജോലി ചെയ്യുന്നവരോ ആയിട്ടുള്ളവരുടെ മരണങ്ങളിൽ.

ഹനീന്റെ മയ്യിത്ത് കുളിപ്പിക്കുന്നയിടത്തും തുടർന്ന് മയ്യിത്ത് കാണാൻ ഒരുക്കിയ സ്ഥലങ്ങളിലും നല്ല തിരക്കായിരുന്നു. റിയാദിലെ അൽരാജി ഗ്രാന്റ് മസ്ജിദിൽ അസ്ർ നമസ്കാരത്തിന് ശേഷം മയ്യിത്ത് നമസ്കാരത്തിനായി എഴുന്നേറ്റ ഇമാം 10 പുരുഷന്മാരുടെയും 9 സ്ത്രീകളുടെയും ഒരു കുട്ടിയുടെയും മയ്യിത്ത് നമസ്കാരമാണ് നിർവഹിക്കാൻ പോകുന്നതെന്ന് മൈക്കിലൂടെ പറഞ്ഞപ്പോൾ ഹൃദയം പിടഞ്ഞു പോയി. വെള്ളിയാഴ്ചയും റമദാൻ മാസത്തിലും മാത്രം കണ്ടിരുന്ന ജനത്തിരക്ക് ആ പള്ളിയിൽ അപൂർവമായി കണ്ടു. സുരക്ഷാ ജീവനക്കാർ ആളുകളെ നിയന്ത്രിക്കാൻ പാടുപെടുന്നുണ്ടായിരുന്നു. സ്ത്രീകൾ അടക്കം ആയിരക്കണക്കിന് ആളുകൾ തിങ്ങി നിറഞ്ഞ പള്ളി. മയ്യിത്ത് കുളിപ്പിക്കലും പൊതുദർശനവും കഴിഞ്ഞ് ഓരോ മയ്യിത്തും പള്ളിയിലേക്ക് കൊണ്ട് പോകുന്നു. ചിലതിന്റെ കൂടെ കുറെ ആളുകളുണ്ട്. ചിലതിന്റെ കൂടെ അൽപം ആളുകളും. പ്രവാസികൾ മരിച്ചാൽ അവസാന യാത്രയിൽ അനുഗമിക്കാൻ വിരലിലെണ്ണാവുന്നവർ മാത്രം!

നമസ്കാരശേഷം ഏതാനും കിലോമീറ്റർ അകലെയുള്ള മക്ബറയിൽ എത്തി. നൂറുകണക്കിന് ആളുകൾ അവിടെ ഖബ്റടക്കത്തിനായി കാത്തുനിൽക്കുന്നു. എത്തുന്ന മയ്യിത്തുകൾ ധൃതിയിൽ അടക്കം ചെയ്യപ്പെടുന്നു. മയ്യിത്ത് ഖബ്റിൽവച്ച് കോൺക്രീറ്റ് പാളികൾകൊണ്ട് മൂടി നനഞ്ഞ മണ്ണുകൊണ്ട് വിടവുകൾ അടക്കുന്നു. മൂന്ന് പിടി മണ്ണ് വാരിയിട്ട് കഴിയുമ്പോഴേക്കും ചെറിയ മണ്ണുമാന്തി യന്ത്രം വന്ന് ഖബ്ർ പൂർണമായും മൂടുന്നു.

മലയാളിയായ ഹനീൻ, ഉത്തരേന്ത്യക്കാരൻ, പാക്കിസ്ഥാനി, ആഫ്രിക്കക്കാരൻ, സൗദിപൗരൻ... അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 20 പേർ ഒരേപോലെ ഒരുക്കിയ ഖബ്റിൽ അവരുടെ ബർസഖീ ജീവിതം ആരംഭിച്ചു. നമ്മൾ എത്ര നിസ്സഹായർ! എത്ര നിസ്സാരർ! പണിക്കാരനും പണക്കാരനും വിദ്യാർഥിയുമെല്ലാം ഒരേപോലെയുള്ള വീട്ടിൽ അന്തിയുറങ്ങുന്ന കാഴ്ച. എല്ലാവരും തുല്യരാണ്.

പ്രതീക്ഷയോടെ പ്രവാസത്തിലേക്ക് പറന്നവർ പലരും അവിടെവച്ച് മരിക്കുന്നു. പേപ്പർ വർക്കുകൾ പൂർത്തിയാകുംവരെ ദിവസങ്ങളോളം ഫ്രീസറിൽ കിടക്കേണ്ടിവരും. ഹനീനു വേണ്ടി സാമൂഹിക പ്രവർത്തകരും ആദർശബന്ധുക്കളും ചേർന്ന് എല്ലാം വേഗത്തിലാക്കി. അവനുവേണ്ടി അവസാനമായി ചെയ്യേണ്ട കർമങ്ങളിൽ പങ്കാളികളാകാൻ സാധിക്കുന്നവരൊക്കെ ഓടിയെത്തി. അവകാശികളുടെ അനുമതിപത്രം, മരണ റിപ്പോർട്ട്, എംബസിയിൽനിന്നുള്ള അനുമതിപത്രം, പോലീസ് റിപ്പോർട്ട്, മയ്യിത്ത് നമസ്കാരം നടക്കുന്നതും ഖബ്റടക്കുന്നതുമായ ഇടങ്ങളിൽനിന്നുള്ള അനുമതി... എല്ലാറ്റിനും ഓടിനടക്കുന്ന നിസ്വാർഥരായ സേവകർ പ്രവാസത്തിലെ അത്താണിയാണ്. ഒട്ടേറെ നന്മകൾ ബാക്കിയാക്കി നമുക്കും യാത്രപോകണം, ഒരിക്കൽ...ഒറ്റക്ക്! ■



"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല"
(ക്വുർആൻ 3:185).

# മരണാനന്തര ജീവിതം; അനിവാര്യതയുടെ യുക്തി

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840

മനുഷ്യമനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന അനേകം പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് മരണാനന്തര ജീവിതം. ഇതപര്യന്തമുള്ള മാനവ ചരിത്രത്തിൽ ഇന്നേവരെ ഒരാൾക്കും നിഷേധിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഏറ്റവും വലിയ യാഥാർഥ്യമായ മരണം ഏതൊരാളെയും ഇരുത്തിച്ചിന്തിപ്പിക്കാൻ പോന്ന ദൈവിക ദൃഷ്ടാന്തമാണ്. ജീവിച്ചിരിക്കുന്ന ഏതു മനുഷ്യനെക്കുറിച്ചും ഉറപ്പിച്ചു പറയാവുന്ന, വരാനിരിക്കുന്ന നിഷേധിക്കാനാവാത്ത സത്യമാണത്. 'മർത്യൻ' എന്നത് മലയാളത്തിൽ മനുഷ്യന്റെ പര്യായ പദമായി ഉപയോഗിക്കാറുള്ളതാണ്. 'മൃതിയടയുന്നവൻ' അഥവാ 'മരണമുള്ളവൻ' എന്ന ആശയത്തിൽനിന്നാണ് ഈ വാക്ക് ഉണ്ടായത്.

മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠരായ പ്രവാചകന്മാരും, വലിയസാമ്രാജ്യങ്ങളെ അടക്കി ഭരിച്ച ചക്രവർത്തിമാരും, ശാരീരിക ശക്തികൊണ്ട് ലോകാത്ഭുതങ്ങൾ നിർമിച്ചുവച്ചവരും സമ്പന്നതയുടെ മടിത്തട്ടിൽ അന്തിയുറങ്ങിയവരും, വിശ്വപ്രശസ്ത ഗ്രന്ഥങ്ങളെഴുതിയ പണ്ഡിതരും, കവിതയിലൂടെ

ജനമനസ്സുകളെ സ്വാധീനിച്ച കവികളും... എന്നിങ്ങനെ ഏതു രംഗത്ത് ശോഭിച്ചവരാണെങ്കിലും അവരാരും മരണമെന്ന ദൈവവിധിക്ക് കീഴടങ്ങാതിരുന്നിട്ടില്ല. ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്നവരും ഇനി ജനിക്കാനിരിക്കുന്ന വരും ഒരു നാൾ ഈ മണ്ണിനോടു ചേരും. പേരും പ്രശസ്തിയും പ്രാതാപവുമൊന്നും അതിന്ന് തടസ്സമല്ല.

മരണം മനുഷ്യന്റെ കൂടെ ഒരു നിഴൽപോലെയുണ്ട്. ജീവാമൃതായ ജലം പേമാരിയായാൽ അത് മരണത്തെ കൊണ്ടുവരാം. ജീവവായു കൊടുങ്കാറ്റായി വീശിയടിച്ചാൽ അതും മരണകാരണമായേക്കാം. സൂര്യപ്രകാശമില്ലാതെ ജീവന് നിലനിൽപില്ല. അതുമുഖേന അത്യുഷ്ണം വന്നാൽ അതും മരണ ഹേതുവാകാറുണ്ട്. ഓരോ ഉഷ്ണകാലത്തും സൂര്യാതപമേറ്റ് മരിക്കുന്ന മനുഷ്യരനവധിയാണ്. അന്നവും മരുന്നും തൊണ്ടയിൽ കുടുങ്ങി മരിച്ച മനുഷ്യരുണ്ട്. ഒഴിച്ചുകൂടാനാവാത്ത ഭക്ഷണത്തിനൊപ്പവും മരണം വരാമെന്ന താക്കീതാണത് നൽകുന്നത്.

കുടിലിലും കൊട്ടാരത്തിലും മരണം കടന്നുവരും. രോഗിയെയും ഡോക്ടറെയും അത് എപ്പോൾ വേണമെങ്കിലും പിടികൂടാം. മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന സകലമാന സുഖങ്ങളുടെയും അന്തകനാണ് മരണമെന്ന യാഥാർഥ്യം പ്രവാചകൻ(സ്വ) ഉണർത്തിയത് ഇവിടെ സ്മരണീയമാണ്. മരണത്തോടു കൂടി മനുഷ്യജീവിതം അവസാനിക്കുമോ? അവസാനിക്കും എന്നാണ് ഉത്തരമെങ്കിൽ പരിഹാരം കിട്ടാത്ത ഒട്ടനവധി ചോദ്യങ്ങളുണ്ട്. പിന്നെ എന്തിനായിരുന്നു ഈ ജീവിതം? കോടാനകോടി മനുഷ്യർ വ്യത്യസ്ത പ്രവർത്തനങ്ങൾ ചെയ്ത് ഈ ഭൂമുഖത്ത് ജനിച്ച്, ജീവിച്ച്, മരണപ്പെട്ടുപോയി. മാനവചരിത്രത്തിൽ ആയിരക്കണക്കിന് ആളുകളെ തീർത്തും അന്യായമായി കൊന്നവരും ലക്ഷക്കണക്കിന് ആളുകളെ കൊല്ലാൻ പ്രേരിപ്പിച്ചവരുമായ പല ഭരണാധികാരികളും സുഖലോലുപതയിൽ ജീവിച്ചു ഇഹലോകവാസം വെടിഞ്ഞിട്ടുണ്ട്. അവരുടെ ദുഷ്ചെയ്തികൾക്കുള്ള ശിക്ഷ എവിടെനിന്ന് ലഭിക്കും?

ലോകം ഇന്നും ഓർക്കുന്ന നന്മകൾ ചെയ്തുവച്ചവർക്ക് എന്തു പ്രതിഫലമാണ് ഇവിടെ നിന്ന് മരിക്കും മുമ്പ് കിട്ടിയത്? അവരിൽ പലരും ക്രൂരമായി, അന്യായമായി കൊലചെയ്യപ്പെട്ടവരാണ്. വലിയ പീഡനങ്ങൾക്കും ബഹിഷ്ക്കരണങ്ങൾക്കും വിധേയരായവരാണ്. കല്ലേറുകളും കൂക്കുവിളികളുമായിരുന്നു സമൂഹം അവർക്ക് തിരിച്ചുകൊടുത്തത്.

ലോകത്ത് അക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, അന്യായമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അനേകായിരം ജനങ്ങളുടെ പ്രതീക്ഷയാണ് പരലോകം. അതെ, തീർച്ചയായും എല്ലാവർക്കും നീതി ലഭിക്കുന്ന, കർമഫലങ്ങൾ പൂർണമായി കിട്ടുന്ന ആ ലോകം വരാനിരിക്കുന്നുണ്ട്.

മനുഷ്യരായിപ്പിറന്ന, അഹങ്കാരം കൊണ്ട് ഹൃദയാന്ധത ബാധിച്ചിട്ടില്ലാത്ത, നല്ലവരായ മനുഷ്യരുടെ മനസ്സ് കൊതിക്കുന്ന ആ ന്യായവിധിയുടെ നാൾ വിദൂരമല്ല. ഒരോ രാത്രിയും ഒരു പുലരിക്ക് വഴിമാറും പോലെ ഒരു വലിയ സത്യമായി മരണാനന്തര ജീവിതം നമ്മുടെ മുന്നിൽ തെളിയും. ഇപ്പോൾ നഗ്ന നേത്രങ്ങൾ കൊണ്ട് നാം കാണുന്ന പ്ര

**മനുഷ്യരായിപ്പിറന്ന, അഹങ്കാരം കൊണ്ട് ഹൃദയാന്ധത ബാധിച്ചിട്ടില്ലാത്ത, നല്ലവരായ മനുഷ്യരുടെ മനസ്സ് കൊതിക്കുന്ന ആ ന്യായവിധിയുടെ നാൾ വിദൂരമല്ല. ഒരോ രാത്രിയും ഒരു പുലരിക്ക് വഴിമാറും പോലെ ഒരു വലിയ സത്യമായി മരണാനന്തര ജീവിതം നമ്മുടെ മുന്നിൽ തെളിയും. ഇപ്പോൾ നഗ്ന നേത്രങ്ങൾ കൊണ്ട് നാം കാണുന്ന പ്രകാശത്തെക്കാൾ തെളിച്ചമുണ്ടാകും ആ കാഴ്ചക്ക്. അവിടേക്ക് വേണ്ട മുന്നൊരുക്കങ്ങൾ നടത്തിയോ എന്നാണ് നാം ആലോചിക്കേണ്ടത്.**

കാശത്തെക്കാൾ തെളിച്ചമുണ്ടാകും ആ കാഴ്ചക്ക്. അവിടേക്ക് വേണ്ട മുന്നൊരുക്കങ്ങൾ നടത്തിയോ എന്നാണ് നാം ആലോചിക്കേണ്ടത്.

### കാണാത്തതും അറിയാത്തതും ഇല്ലെന്ന് പറയാനാകുമോ?

'മാതാവിന്റെ ഗർഭപാത്രത്തിൽവച്ച് രണ്ടു കുട്ടികൾ പരസ്പരം സംവദിക്കുകയാണ്. ഒന്നാമൻ തികഞ്ഞ ബുദ്ധിയും വിവേകവും ഉള്ളവനും താൻ ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്ന മാതാവിന്റെ ഉദരത്തെ കുറിച്ചും ഗർഭകാലത്തിനു ശേഷം വരാനിരിക്കുന്ന ഭൂമിയിലെ ജീവിതത്തെകുറിച്ചും കൃത്യമായ കാഴ്ചപ്പാടുള്ളവനുമാണ്. രണ്ടാമനാവട്ടെ, ഒരു സത്യനിഷേധിയും. രണ്ടാമൻ പറഞ്ഞു: 'മാതാവെന്ന ഒരാൾ ഉണ്ടെന്ന് ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല. അങ്ങനെ ഒരാളുടെ അസ്തിത്വം ഉണ്ടാകാനുള്ള എന്ത് സാധ്യതകളാണുള്ളത്? നീ അവരെ നേരിൽ കണ്ടിട്ടുണ്ടോ?' ഒന്നാമൻ മറുപടി പറഞ്ഞു: 'നീ എങ്ങനെ മാതാവിനെ നിഷേധിക്കും? നമ്മൾ ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്ന ഇവിടം തന്നെ ആ മാതാവിന്റെ ഗർഭാശയമാണ്. നമുക്ക് ഇപ്പോഴുള്ള ഈ അവസ്ഥക്ക് അനുയോജ്യമായ എന്തുമാത്രം സൗകര്യങ്ങളും സുരക്ഷയുമാണ് ഇവിടെയുള്ളത്! മാത്രമല്ല, നമ്മുടെ ശരീരത്തിലേക്ക് പോഷണം വന്നുകൊണ്ടിരിക്കുന്നത് നീ കാണുന്നില്ലേ? മാതാവിന്റെ ഉദരത്തിൽ നിന്നല്ലാതെ മറ്റെവിടെനിന്നാണ് അത് വന്നുകൊണ്ടിരിക്കുന്നത്? ഉമ്മയുണ്ടെന്ന് തിരിച്ചറിയാൻ ഈ ദൃഷ്ടാന്തങ്ങൾതന്നെ ധാരാളമാണ്. കുറച്ചുകാലം കഴിഞ്ഞാൽ നമുക്ക്



ഇവിടെനിന്ന് പുറത്തു പോകേണ്ടിവരും. അവിടെയും ഈ ഉമ്മയുടെ സംരക്ഷണമുണ്ടെങ്കിലേ നമുക്ക് സുരക്ഷിതമായി ജീവിക്കാനാകൂ.'

ദൃഷ്ടാന്തങ്ങളിൽനിന്നും വിവേകം ഉപയോഗിച്ച് സത്യം ഉൾക്കൊള്ളാൻ തയ്യാറല്ലാത്ത രണ്ടാമൻ വിട്ടുകൊടുത്തില്ല. അവൻ പരിഹാസത്തോടുകൂടി പറഞ്ഞു: 'നാം ഈ താമസിക്കുന്ന ഗർഭാശയത്തിന് പുറത്ത് ഒരു ലോകമോ?!അവിടെയും ഒരു ജീവിതമോ?! ഒരിക്കലും ഉണ്ടാവില്ല! ഞാൻ അതിൽ വിശ്വസിക്കണമെങ്കിൽ ഇവിടെനിന്ന് പുറത്തുപോയി തിരിച്ചു വന്ന ഒരാളെ നീ എനിക്ക് കാണിച്ചു താ.'

വിവേകമുള്ള ഒന്നാമൻ പറഞ്ഞു: 'സഹോദരാ, അവിടേക്ക് പോയാൽ പിന്നെ നമുക്കെന്നല്ല, ഒരാൾക്കും ഇവിടേക്ക് തിരിച്ചു വരാനാകില്ല. നമുക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ശാരീരിക മാറ്റങ്ങളും നമ്മുടെ വലുപ്പ വ്യത്യാസവും വരാനിരിക്കുന്ന ലോകത്തേക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി സംഭവിച്ചു കൊണ്ടിരിക്കുന്നതാണ്. ഇവിടെനിന്ന് നോക്കുമ്പോഴുള്ള പരിമിതമായ അറിവിനപ്പുറം ചിലതുണ്ടെന്ന് ഈ ദൃഷ്ടാന്തങ്ങൾ നമ്മളെ ബോധ്യപ്പെടുത്തുന്നുണ്ട്.'

ഈ സംഭാഷണം കേവലം സാങ്കൽപികമാണെങ്കിലും നമുക്ക് ഇതിൽനിന്ന് ഒരുപാട് പാഠങ്ങൾ ഉൾക്കൊള്ളാനുണ്ട്. ഉമ്മയുടെ ഗർഭപാത്രത്തിൽ നിശ്ചിതകാലം കഴിച്ചുകൂട്ടിപുറത്തുവന്ന് ജീവിച്ചു കൊണ്ടിരിക്കുന്നവരാണല്ലോ നമ്മളെല്ലാവരും. ഗർഭപാത്രത്തിൽവച്ച് മാതാവിനെ കാണാത്തതിനാൽ ഉമ്മയെന്ന ഒരാളില്ലെന്നും, പ്രസവിച്ച് പുറത്ത് ഭൂമിയിൽപോയി തിരിച്ചാരും ഗർഭപാത്രത്തിലേക്ക് എത്താത്തതിനാൽ ഭൂമിയെന്ന

**ലോകത്ത് ഇന്ന് നിലനിൽക്കുന്ന പുരാതന വേദഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന പലതിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാമെങ്കിലും മനുഷ്യർക്ക് അതിനെപ്പറ്റി ഏറ്റവും കൃത്യവും സുവ്യക്തവുമായ വിവരങ്ങൾ നൽകുന്നത് അന്തിമവേദക ഗ്രന്ഥമായ വിശുദ്ധ ക്വുർആനാണ്. ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലടക്കം മുൻ വേദഗ്രന്ഥങ്ങളിൽ കൈകടത്തലുകൾ നടത്തപ്പെട്ടതുപോലെ ഈ രംഗത്തും അവയിൽ കൈകടത്തൽ സംഭവിച്ചിട്ടുണ്ട്. എന്നാൽ അന്തിമ വേദഗ്രന്ഥമായ വിശുദ്ധ ക്വുർആൻ ഇവിടെയും വ്യത്യസ്തമാവുകയാണ്.**

ഒരിടമില്ലെന്നും വിശ്വസിക്കുന്നവന്റെ വാദം എത്രമാത്രം നിരർഥകമാണെന്ന് ഇപ്പോൾ ആ അവസ്ഥകളെല്ലാം കഴിഞ്ഞ് ഈ ലോകത്ത് ജീവിച്ചുകൊണ്ടിരിക്കുന്ന നമുക്ക് വ്യക്തമാണ്. ഗർഭപാത്രത്തിലെ കുഞ്ഞിന് അറിവിന്റെ പരിമിതിയുണ്ട്. പൂർണവളർച്ചയെത്തിയ മനുഷ്യനും ആ പരിമിതിയിൽനിന്ന് പുറത്ത് കടക്കുന്നില്ല. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കെല്ലാം പരിമിതിയുണ്ടെങ്കിൽ അവ കൊണ്ട് നാം നേടുന്ന അറിവിന്നും പൂർണതയുണ്ടാകില്ല. അതുകൊണ്ട് തന്നെ പരിമിതമായ ഈ ജ്ഞാനം വെച്ച് മരണാനന്തര ജീവിതമില്ലെന്ന് പറയുന്നത് ഒരിക്കലും യുക്തിയല്ല. ഈ രംഗത്ത് മനുഷ്യന് കൃത്യമായ വിജ്ഞാനം നൽകുവാൻ വേണ്ടിയാണ് പ്രപഞ്ചസൃഷ്ടാവായ അല്ലാഹു മനുഷ്യരിലേക്ക് പ്രവാചകന്മാരെ നിയോഗിച്ചത്.

ഇസ്‌ലാമിക വീക്ഷണ പ്രകാരം മനുഷ്യജീവിതത്തിന് പ്രധാനമായും നാലു ഘട്ടങ്ങളാണുള്ളത്. ഒന്നാമത്തെത് മാതാവിന്റെ ഗർഭാശയത്തിൽ കഴിച്ചുകൂട്ടുന്ന കാലമാണ്. രണ്ടാമത്തെത് അതിനുശേഷം അവൻ പ്രസവിക്കപ്പെട്ട് മരണം വരെയുള്ള അവന്റെ ഈ ലോകത്തെ, കർമങ്ങൾ ചെയ്യുന്ന കാലഘട്ടമാണ്. മൂന്നാമത്തെത് മരണശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നത് വരെയുള്ള ബർസഖ് ലോകമാണ്. നാലാമത്തെതും അവസാനത്തെതും അനന്തവുമായ ഘട്ടം മരണാനന്തരം ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ട ശേഷമുള്ള രക്ഷാശിക്ഷകളുടെ ലോകമാണ്.

**മരണാനന്തര ജീവിതം; അനിവാര്യതയുടെ യുക്തി**

ഈ രൂപത്തിൽ സംവിധാനിക്കപ്പെട്ടിട്ടുള്ള മനുഷ്യജീവിതത്തിലെ ഓരോ ഘട്ടവും അതിനടുത്തുള്ള ഒരു ഘട്ടത്തിന്റെ അനിവാര്യതയെ തേടുന്നുവെന്ന് തെളിവുകൾ വ്യക്തമാക്കുന്നുണ്ട്. മാതാവിന്റെ ഗർഭാശയത്തിൽ വച്ച് കണ്ണുകൾ രൂപപ്പെടുന്നുണ്ട് പക്ഷേ, അതുകൊണ്ട് അവിടെ കാണുവാൻ സാധ്യമല്ല. അതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കണമെങ്കിൽ ഗർഭാശയത്തിന് പുറത്ത് പ്രകാശമുള്ള ഒരു ലോകത്തേക്ക് വരേണ്ടതുണ്ട്. ഗർഭാശയത്തിൽ വച്ചുതന്നെ കൈകാലുകൾ രൂപപ്പെടുന്നു. പക്ഷേ, കൈകൾ കൊണ്ട് പിടിക്കുവാനോ കാലുകൾ കൊണ്ട് നടക്കുവാനോ ഗർഭാശയത്തിൽ ഇടമില്ലല്ലോ. അതിന്റെ ഉദ്ദേശ്യവും പൂർത്തീകരിക്കണമെങ്കിൽ ഭൂമിയിലേക്കുള്ള അവന്റെ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കേണ്ടതുണ്ട്. ഇപ്രകാരം ഏകദേശം പൊക്കിൾകൊടി ഒഴിച്ച് മറ്റെല്ലാ അവയവങ്ങളുടെയും ധർമം പൂർത്തീകരിക്കപ്പെടണമെങ്കിൽ ഭൂമിയിലുള്ള മനുഷ്യന്റെ ജീവിതം സാധ്യമാകേണ്ടതുണ്ട്. അഥവാ മനുഷ്യന്റെ ഗർഭകാലഘട്ടം അതിനുശേഷമുള്ള, ഭൂമിയിലെ ജീവിതത്തിനു വേണ്ട ഒരുക്കവും അതിന്റെ തെളിവുകളും ബോധ്യപ്പെടുത്തുന്നതാണ്.

അങ്ങനെ പ്രസവം എന്ന പ്രതിഭാസത്തിലൂടെ മനുഷ്യർ ഭൂമിയിലുള്ള അവന്റെ ജീവിതം ആരംഭിക്കുന്നു. ചിലർ സൽകർമനിരതരായി ജീവിക്കുന്നു .മറ്റു പലരും ദുഷ്കർമങ്ങൾ മാത്രം ചെയ്യുന്നു. സമ്മിശ്ര ജീവിതം നയിക്കുന്നവരും മനുഷ്യരിലുണ്ട്. മനുഷ്യ മനസ്സിന്റെ തേട്ടമനുസരിച്ച് സൽകർമങ്ങൾ ചെയ്യുന്നവർക്ക് തക്കതായ പ്രതിഫലവും ദുഷ്കർമങ്ങൾ ചെയ്യുന്നവർക്ക് അതിന്റെ ശിക്ഷയും നിരപരാധികൾക്ക് നീതിയും ലഭിക്കേ

ണ്ടതുണ്ട്. അതിനാലാണ് കോടതിയും രക്ഷാശിക്ഷ നിയമങ്ങളും അതിന്റെ നിർവഹണവും അതിനുള്ള സംവിധാനവുമെല്ലാം മനുഷ്യൻ ഉണ്ടാക്കിത്തീർക്കുന്നത്. ദൈവത്തെയും മരണാനന്തര ജീവിതത്തെയും നിഷേധിക്കുന്ന ആളുകളുടെ മനസ്സിൽവരെ ഈ തേട്ടമുണ്ട് എന്നതാണ് യാഥാർഥ്യം. മനുഷ്യർ എത്രതന്നെ ശ്രമിച്ചാലും അവരുടെ നന്മതിന്മകൾക്കുള്ള സമ്പൂർണമായ പ്രതിഫലം ഭൂമിയിൽനിന്ന് കൊടുക്കുക സാധ്യമല്ല.

ഒരു കുടുംബം രാത്രിയിൽ അവരുടെ വീട്ടിൽ സുഖമായി ഉറങ്ങിക്കൊണ്ടിരിക്കുകയാണ്. പെട്ടെന്നാണ് ഒരു തീപിടുത്തം ഉണ്ടായത്. അത് ശ്രദ്ധയിൽപ്പെട്ട സത്യവിശ്വാസിയായ അയൽക്കാരൻ വീട്ടിനകത്തേക്ക് വാതിൽ പൊളിച്ച് കടക്കുകയും ആ കുടുംബത്തെ ശ്രമകരമായ ദൗത്യത്തിനൊടുവിൽ പുറത്തെത്തിക്കുകയും ചെയ്തു. പക്ഷേ, അതിനിടയിൽ അദ്ദേഹത്തിന് പൊള്ളലേൽക്കുകയും മരണപ്പെടുകയും ചെയ്തു. ഭൗതികമായി ആലോചിക്കുമ്പോൾ അദ്ദേഹം ചെയ്തത് ഒരു പാഴ്‌വേലയാണ്. കാരണം, അദ്ദേഹത്തിന് അദ്ദേഹത്തിന്റെ പ്രവർത്തനം കൊണ്ട് എന്ത് നേട്ടമാണ് ലഭിച്ചത്? അദ്ദേഹം മരണപ്പെട്ടുപോയല്ലോ. പക്ഷേ, ആത്മീയമായി ചിന്തിക്കുമ്പോൾ അവൻ ചെയ്തത് വലിയൊരു നന്മയാണ്. ഏതാനും പേരെ രക്ഷപ്പെടുത്തിയത് ചെറിയ കാര്യമല്ലല്ലോ. അതിനുള്ള പ്രതിഫലം തീർച്ചയായും അദ്ദേഹത്തിന് ലഭിക്കേണ്ടതുണ്ട്. അതിനാണ് നീതിമാനായ മനുഷ്യരുടെ സ്രഷ്ടാവ് മരണാനന്തര ജീവിതത്തെ സംവിധാനിച്ചിട്ടുള്ളത്.

ക്രൂരതകൾ ജീവിതത്തിന്റെ ലഹരിയാക്കി മാറ്റിയ കുറ്റവാളി ഒരു വീട്ടിൽ കയറി അവിടെയുള്ള കുടുംബനാഥനെയും മറ്റ് അംഗങ്ങളെയും കൊലപ്പെടുത്തി സ്വർണവും പണവും കൈക്കലാക്കി തിരിച്ചു രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു. അതിനിടയിലാണ് ആ വീടിന്റെ പിന്നിലുള്ള കിണറ്റിൽ വീണ് അയാൾ മരണപ്പെടുന്നത്. ഈ സംഭവം കേൾക്കുന്നവരുടെയെല്ലാം മനസ്സിൽ നീതിബോധത്തിന്റെ ഭാഗമായി രണ്ടു ചിന്തങ്ങൾ ഉണ്ടായേക്കാം. ഒന്ന്, കൊല്ലപ്പെട്ട കുടുംബനാഥനും കുട്ടികൾക്കും നീതി ലഭിക്കണം; അവരെ കൊലപ്പെടുത്തിയ കുറ്റവാളിക്ക് ശിക്ഷ ലഭിക്കണം. ഭൗതിക കോടതികൾക്ക്, സംവിധാനങ്ങൾക്ക് ഇതുരണ്ടും കൊടുക്കുക സാധ്യമല്ലല്ലോ. കാരണം അക്രമം ചെയ്ത കുറ്റവാളിയും ആക്രമിക്കപ്പെട്ട കുടുംബവും മരണപ്പെട്ടുപോയിരിക്കുകയാണ്. ഇവിടെയാണ് മനുഷ്യത്വം മരിച്ചിട്ടില്ലാത്ത എല്ലാവരുടെ മനസ്സ് ആഗ്രഹിക്കുന്ന മരണാനന്തര ജീവിതത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നത്.

ലോകത്ത് ഇന്ന് നിലനിൽക്കുന്ന പുരാതന വേദഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന പലതിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാമെങ്കിലും മനുഷ്യർക്ക് അതിനെപ്പറ്റി ഏറ്റവും കൃത്യവും സുവ്യക്തവുമായ വിവരങ്ങൾ നൽകുന്നത് അന്തിമ വേദ ഗ്രന്ഥമായ വിശുദ്ധ ക്വുർആനാണ്. ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലടക്കം മുൻ വേദഗ്രന്ഥങ്ങളിൽ കൈകടത്തലുകൾ നടത്തപ്പെട്ടതുപോലെ ഈ രംഗത്തും അവയിൽ കൈകടത്തൽ സംഭവിച്ചിട്ടുണ്ട്. എന്നാൽ അന്തിമ വേദഗ്രന്ഥമായ വിശുദ്ധ ക്വുർആൻ ഇവിടെയും വ്യത്യസ്തമാവുകയാണ്.

നൂറ്റാണ്ടുകൾക്കു മുമ്പ് മുഹമ്മദ് നബി(സ്വ)ക്ക് അവതരിപ്പിക്കപ്പെട്ടതു പോലെത്തന്നെ ഇന്നും അത് ലോകത്ത് നിലിൽക്കുന്നു. മനുഷ്യരെ നേർമാർഗത്തിലേക്ക് നയിക്കുവാനുള്ള പ്രകാശമായി അത് നിലകൊള്ളുന്നു.

അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185).

*അടുത്ത ലക്കത്തിൽ:*
*മരണാനന്തര ജീവിതം സത്യമാണെന്നതിന് ചില തെളിവുകൾ.*

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

01 طسم ① تِلْكَ آيَاتُ الْكِتَابِ الْمُبِينِ

ത്വാ-സീൻ-മീം.

02 സുവ്യക്തമായ ഗ്രന്ഥത്തിലെ വചനങ്ങളാണിവ.

*എല്ലാ ദൈവിക വിധികളിലേക്കും മത നിയമങ്ങളിലേക്കും വിരൽ ചൂണ്ടുന്ന വ്യക്തമായ ഗ്രന്ഥത്തിലെ വചനങ്ങളുടെ മഹത്ത്വമാണ് ഇവിടെ അല്ലാഹു പരാമർശിക്കുന്നത്. അതിനാൽ അത് പഠിക്കുന്ന ഒരാൾക്ക് അതിൽ പറഞ്ഞ കാര്യങ്ങളിൽ സംശയമോ ആശയക്കുഴപ്പമോ ഉണ്ടാകില്ല. അതിലുള്ള വിശദീകരണങ്ങളും വിധികളും അത്രമേൽ സുവ്യക്തമാണ്. ഓരോ വിധിക്ക് പിന്നിലും അതിന്റേതായ യുക്തിയും കാരണങ്ങളും ബന്ധപ്പെട്ട് നിൽക്കുന്നു. അല്ലാഹുവിന്റെ ദൂതൻ അതു മുഖേന ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും അതിലൂടെ അവരെ നേർവഴിയിലേക്ക് നയിക്കുകയും ചെയ്തു. സൂക്ഷ്മതയുള്ള, അല്ലാഹുവിന്റെ ദാസന്മാർ അതു മുഖേന ശരിയായ മാർഗം കണ്ടെത്തുന്നു. ദൗർഭാഗ്യം വിധിക്കപ്പെട്ടവർ അതിൽനിന്ന് തിരിഞ്ഞുകളയുന്നു. അവർ വിശ്വസിക്കാതിരുന്നപ്പോൾ പ്രവാചകൻ(സ്വ) കഠിനമായി ദുഃഖിക്കുന്നു; അവരോടുള്ള ഗുണകാംക്ഷകൊണ്ടും നന്മയിലുള്ള അതീവ താൽത്പര്യം കൊണ്ടും.*

03 لَعَلَّكَ بَاخِعٌ نَّفْسَكَ أَلَّا يَكُونُوا مُؤْمِنِينَ ③

അവർ വിശ്വാസികളാകാത്തതിന്റെ പേരിൽ നീ നിന്റെ ജീവൻ നശിപ്പിച്ചേക്കാം.

*അതിനാൽ തന്റെ ദൂതനോട് പറയുന്നു: (നീ നിന്റെ ജീവൻ നശിപ്പിച്ചേക്കാം) ദുഃഖത്താൽ സ്വയം നശിപ്പിക്കാൻ പോകുകയാണോ? (അവർ വിശ്വാസികളാകാത്തതിന്റെ പേരിൽ) മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അങ്ങനെ ചെയ്യരുത്. അവരുടെ കാര്യത്തിലുള്ള ദുഃഖം കാരണം താങ്കൾ താങ്കളെത്തന്നെ നശിപ്പിച്ചുകളയരുത്. സന്മാർഗം നൽകാനുള്ള അധികാരം അല്ലാഹുവിനാണ്. താങ്കൾ ചെയ്യേണ്ടത് താങ്കളിൽ അർപ്പിതമായ പ്രബോധനം നിർവഹിക്കുക മാത്രമാണ്. അവർക്ക് വിശ്വസിക്കാൻ ഈ ക്വുർആനിനെക്കാളും വ്യക്തമായ മറ്റൊരു ദൃഷ്ടാന്തവുമില്ല. യഥാർഥത്തിൽ സന്മാർഗം അന്വേഷിക്കുന്നവർക്ക് ഇത് എത്രയോ മതിയായതാണ്.*

إِن نَّشَأْ نُنَزِّلْ عَلَيْهِم مِّنَ السَّمَاءِ آيَةً فَظَلَّتْ أَعْنَاقُهُمْ لَهَا خَاضِعِينَ ④

04 എന്നാൽ നാം ഉദ്ദേശിക്കുന്നപക്ഷം അവരുടെ മേൽ ആകാശത്തുനിന്ന് നാം ഒരു ദൃഷ്ടാന്തം ഇറക്കിക്കൊടുക്കുന്നതാണ്. അന്നേരം അവരുടെ പിരടികൾ അതിന്ന് കീഴൊതുങ്ങുന്നതായിത്തീരുകയും ചെയ്യും.

*4). അതാണ് അല്ലാഹു പറഞ്ഞത്: (എന്നാൽ ഉദ്ദേശിക്കുന്നപക്ഷം അവരുടെ മേൽ ആകാശത്തു നിന്ന് നാമൊരു ദൃഷ്ടാന്തം ഇറക്കിക്കൊടുക്കുന്നതാണ്) അവർ ആവശ്യപ്പെട്ട ദൃഷ്ടാന്തങ്ങളിൽ ഒന്ന്. (അന്നേരം അവരുടെ പിരടികൾ അതിന് കീഴൊതുങ്ങുന്നതായി തീരുകയും ചെയ്യും) നിഷേധികളുടെ പിരടികൾ. (അതിനു കീഴൊതുങ്ങുന്നവരായി) എന്നാൽ അതിന്റെ ആവശ്യമില്ല. വിശ്വാസത്തിന് അതുകൊണ്ട് ഒരു കാര്യവുമില്ല. അത് കാണുമ്പോൾ ആ സമയത്ത് വിശ്വസിക്കുന്നതുകൊണ്ട് അവർക്ക് പ്രയോജനമില്ല. അദൃശ്യമായി വിശ്വസിക്കുന്നതാണ് പ്രയോജനമുള്ള വിശ്വാസം. അല്ലാഹു പറയുന്നു:*

هَـلْ يَنظُـرُونَ إِلَّا أَن تَأْتِيَهُـمُ الْمَلَائِكَـةُ أَوْ يَـأْتِيَ رَبُّـكَ أَوْ يَـأْتِيَ بَعْـضُ آيَـاتِ رَبِّـكَ ۗ يَـوْمَ يَـأْتِي بَعْـضُ آيَـاتِ رَبِّـكَ لَا يَنفَـعُ نَفْسًـا إِيمَانُهَـا

*“തങ്ങളുടെ അടുക്കൽ മലക്കുകൾ വരുന്നതോ, നിന്റെ രക്ഷിതാവുതന്നെ വരുന്നതോ, നിന്റെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്നതോ അല്ലാതെ മറ്റെന്താണവർ കാത്തിരിക്കുന്നത്? നിന്റെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്ന ദിവസം മുമ്പ് തന്നെ വിശ്വാസത്തോടുകൂടി വല്ല നന്മയും ചെയ്തിട്ടില്ലാത്ത യാതൊരാൾക്കും തന്റെ വിശ്വാസം പ്രയോജനപ്പെടുന്നതല്ല”(6:158).*

## 05

وَمَا يَأْتِيهِم مِّن ذِكْرٍ مِّنَ الرَّحْمَٰنِ مُحْدَثٍ إِلَّا كَانُوا عَنْهُ مُعْرِضِينَ ﴿٥﴾

പരമകാരുണികന്റെ പക്കൽ നിന്ന് ഏതൊരു പുതിയ ഉൽബോധനം വന്നെത്തുമ്പോഴും അവർ അതിൽ നിന്ന് തിരിഞ്ഞുകളയുന്നവരാകാതിരുന്നിട്ടില്ല.

*5) (പരമകാരുണികന്റെ പക്കൽനിന്ന് ഏതൊരു പുതിയ ഉദ്ബോധനം വന്നെത്തുമ്പോഴും) കൽപനകളും വിലക്കുകളും അടങ്ങുന്ന പുതിയ വെളിപാടുകൾ ഒന്നും തന്നെ പരമകാരുണികനിൽനിന്ന് ലഭിക്കുന്നില്ല. (അവർ അതിൽനിന്ന് തിരിഞ്ഞു കളയുന്നവർ ആകാതിരുന്നിട്ടില്ല) ശരീരംകൊണ്ടും മനസ്സുകൊണ്ടും സാധാരണയായി കൂടുതൽ സ്വാധീനം ചെലുത്തുന്ന പുതിയ വെളിപാടുകളിൽനിന്നു പോലും അവർ തിരിഞ്ഞുകളയുന്നുവെങ്കിൽ മറ്റു പ്രബോധനങ്ങളിൽനിന്നും തിരിയാനുള്ള സാധ്യത കൂടുതലാണ്. കാരണം അവരിൽ യാതൊരു നന്മയുമില്ല. അവരുടെ കാര്യത്തിൽ പ്രബോധനം പ്രയോജനപ്പെട്ടില്ല.*

## 06

فَقَدْ كَذَّبُوا فَسَيَأْتِيهِمْ أَنبَاءُ مَا كَانُوا بِهِ يَسْتَهْزِئُونَ ﴿٦﴾

അങ്ങനെ അവർ നിഷേധിച്ചു തള്ളിയിരിക്കയാണ്. അതിനാൽ അവർ ഏതൊന്നിനെ പരിഹസിക്കുന്നവരായിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള വൃത്താന്തങ്ങൾ അവർക്ക് വന്നെത്തിക്കൊള്ളും.

*6). അതിനാൽ അല്ലാഹു പറയുന്നു: സത്യത്തെ (അങ്ങനെ അവർ നിഷേധിച്ചു തള്ളിയിരിക്കുകയാണ്). നിഷേധം അവരുടെ സ്വഭാവമായി മാറി. ഇനി ഒരിക്കലും അത് മാറില്ല. (അതിനാൽ അവർ ഏതൊന്നിനെ പരിഹസിക്കുന്നവരായിരുന്നോ അതിനെപ്പറ്റിയുള്ള വൃത്താന്തങ്ങൾ അവർക്ക് വന്നെത്തിക്കൊള്ളും) അവർക്ക് ശിക്ഷ ലഭിക്കും. അവർ നിഷേധിച്ചത് അവർക്ക് സംഭവിക്കും. കാരണം ശിക്ഷ അവർക്ക് അനിവാര്യമായിരുന്നു.*

أَوَلَمْ يَرَوْا إِلَى الْأَرْضِ كَمْ أَنبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ۝٧

## 07

ഭൂമിയിലേക്ക് അവർ നോക്കിയില്ലേ? എല്ലാ മികച്ച സസ്യവർഗങ്ങളിൽ നിന്നും എത്രയാണ് നാം അതിൽ മുളപ്പിച്ചിരിക്കുന്നത്!

*പ്രയോജനപ്പെടാവുന്ന ഒരു ചിന്ത അദ്ദേഹം അവരെ ഉണർത്തുന്നു: (ഭൂമിയിലേക്ക് അവർ നോക്കിയില്ലേ? എല്ലാ മികച്ച സസ്യവർഗങ്ങളിൽനിന്നും എത്രയാണ് നാം അതിൽ മുളപ്പിച്ചിരിക്കുന്നത്) അതായത് ആളുകൾക്ക് പ്രയോജനകരമായ അത്തരം മനോഹര സസ്യങ്ങളും പഴങ്ങളും.*

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ۝٨

## 08

തീർച്ചയായും അതിൽ ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല.

*(തീർച്ചയായും അതിൽ ഒരു ദൃഷ്ടാന്തമുണ്ട്) നിർജീവമായ ഭൂമിയെ ജീവിപ്പിക്കുന്നതുപോലെ മരണശേഷം മരിച്ചവരെ അല്ലാഹു ജീവിപ്പിക്കും. (അവരിൽ അധികപേരും വിശ്വാസികളായില്ല). അല്ലാഹു പറയുന്നു:*

وَمَا أَكْثَرُ النَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ ۝١٠٣

*"എന്നാൽ മനുഷ്യരിൽ അധികപേരും വിശ്വസിക്കില്ല; താങ്കൾ എത്രതന്നെ ആഗ്രഹിച്ചാലും" (12:103).*

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ۝٩

## 09

തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

*(തീർച്ചയായും നിന്റെ രക്ഷിതാവ് പ്രതാപിയും) തീർച്ചയായും നിങ്ങളുടെ നാഥൻ എല്ലാ സൃഷ്ടികളെയും കീഴ്പ്പെടുത്തിയ സർവശക്തനാണ്. ഈ ലോകവും ഉപരിലോകവും അവനു കീഴ്പ്പെടുന്നു. (കരുണാനിധിയും) അവന്റെ കരുണ എല്ലാറ്റിലും വിശാലമാണ്. അവന്റെ ഔദാര്യം എത്താത്ത ഒരു ജീവിയുമില്ല. വ്യത്യസ്ത ശിക്ഷകൾകൊണ്ട് ദൗർഭാഗ്യരെ അവൻ നശിപ്പിക്കുന്നു. സൗഭാഗ്യവാന്മാരെ അവൻ അനുഗ്രഹിക്കുന്നു. അതോടൊപ്പം സർവ തിന്മകളിൽനിന്നും കാത്തുരക്ഷിക്കുകയും ചെയ്യുന്നു. (തീർച്ചയായും അതിൽ ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വാസികളായില്ല. തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും) ഇവിടെ അല്ലാഹു മൂസാ നബി(അ)യുടെ കഥയിലേക്ക് മടങ്ങുന്നു. അത് ക്വുർആനിൽ മറ്റു കഥകളെക്കാൾ ആവർത്തിക്കുന്നു. കാരണം അതിൽ വലിയ തത്ത്വങ്ങളും ഗുണപാഠങ്ങളും ഉൾക്കൊള്ളുന്നു. അക്രമികളോടും വിശ്വാസികളോടും മൂസാ നബി(അ) എന്ത് സമീപനം സ്വീകരിച്ചു എന്നും പഠിപ്പിക്കുന്നു. ഏറ്റവും വലിയ ശരീഅത്തിന്റെ ഉടമയാണ് അദ്ദേഹം. ക്വുർആൻ കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ തൗറാത്തിന്റെ ഉടമയുമാണ് അദ്ദേഹം.*

# ആരാണ് നിങ്ങളുടെ സുഹൃത്തുക്കൾ?

മുഹമ്മദ് സിയാദ് ജുബൈൽ



ഐഹിക ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ സഞ്ചരിക്കുന്ന മനുഷ്യന് നല്ല സുഹൃത്തുക്കളെയും കൂട്ടാളികളെയും ആവശ്യമാണ്. ജീവിതയാത്രയിൽ നേരിടേണ്ടി വരുന്ന ആശ്വാസത്തിലും ഞെരുക്കത്തിലും ഒരുപോലെ കൂടെ നിന്ന് സമാധാനം നൽകുന്ന ഒരു കൂട്ടുകാരനെയാണ് ഏതൊരാളും തേടുന്നത്. നമ്മുടെ സുഹൃത്തുക്കൾ ആരായിരിക്കണം, എങ്ങനെയുള്ളവനായിരിക്കണം എന്നതാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ സുഹൃത്ത് നീതിബോധവും ആത്മാർത്ഥതയും ഗുണകാംക്ഷയും സൽസ്വഭാവവും സത്യസന്ധതയും മതനിഷ്ഠയും ഒത്തുചേർന്നവനായിരിക്കണം. ഇത് വളരെ അത്യന്താപേക്ഷിതമാണെങ്കിലും ഈ സ്വഭാവഗുണങ്ങളുള്ള ഒരാളെ കണ്ടെത്തുക എന്നത് ഏറെ ദുഷ്കരമായ ഒരു കാര്യമാണ്. എന്നിട്ടും പലരും ഇതിനെ അവഗണിക്കുകയും നിസ്സാരമായി കാണുകയും ചെയ്യുന്നു.

**നല്ല സുഹൃത്തുക്കളോടൊപ്പമായിരിക്കുമ്പോൾ, അവർ അവനെ അല്ലാഹുവിനെക്കുറിച്ച് ഓർമിപ്പിച്ചുകൊണ്ടേയിരിക്കും. അവൻ വ്യതിചലിക്കുമ്പോൾ അവനെ നേരായ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരും, തെറ്റുകുറ്റങ്ങൾ തുറന്നുപറഞ്ഞ് അവനെ തിരുത്തും, അല്ലാഹുവിന്റെ കൽപനകൾ പാലിക്കാൻ സഹായിക്കും. ഉറ്റ സുഹൃത്ത് ഒരു കണ്ണാടിയെന്ന പോലെ അവന്റെ വ്യക്തിത്വം മെച്ചപ്പെടുത്താൻ സഹായിക്കും, ജീവിതത്തിലെ പ്രതിസന്ധികളിൽ ശരിയായ ഉപദേശം നൽകും, നന്മയുടെ കാര്യത്തിൽ മത്സരിക്കാൻ അവരിൽ ഒരാളെ അവൻ കണ്ടെത്തും; കസ്തൂരി വില്പനക്കാരനിൽനിന്നുള്ള സുഗന്ധം പോലെ.**

കൂട്ടാളികൾക്കും സുഹൃത്തുക്കൾക്കും ഇസ്‌ലാം നൽകുന്ന പ്രാധാന്യവും ഇരുലോകത്തിലും അവർ ചെലുത്തുന്ന സ്വാധീനവും വളരെ ശ്രദ്ധേയമാണ്. ക്വുർആനിൽ ഒരിടത്ത് നമ്മൾ ഇങ്ങനെ വായിക്കുന്നു: "സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും; സൂക്ഷ്മത പാലിക്കുന്നവരൊഴികെ" (സുഖ്‌റുഫ്: 67).

അപ്പോൾ ഐഹിക ലോകത്തെ അടുത്ത സുഹൃത്തുക്കൾ അന്ത്യദിനത്തിൽ ശത്രുക്കളായേക്കാം. എന്തുകൊണ്ടാണത്? കാരണം, അല്ലാഹുവിനെയും പരലോകത്തെയും കുറിച്ച് പരസ്പരം ഓർമിപ്പിക്കുകയും ശരിയായ പാതയിൽ പരസ്പരം പിന്തുണയ്ക്കുകയും ചെയ്യുന്നതിന് പകരം അവർ പരസ്പരം വഞ്ചിക്കുകയും നേരായ പാതയിൽനിന്ന് കൂടുതൽ അകറ്റുകയുമാണ് ചെയ്തത്.

നമ്മുടെ പല സഹോദരന്മാരും മതനിഷ്ഠ പുലർത്തി ജീവിക്കാൻ തുടങ്ങുകയും നേരായ പാതയിൽ മുന്നേറാൻ പൂർണഹൃദയത്തോടെ തീരുമാനിക്കുകയും ചെയ്യും. എന്നാൽ, ആ തീരുമാനമനുസരിച്ചു മുന്നോട്ടു പോകുന്നതിനിടയിൽ പാതിവഴിയിൽ അവർ പിൻവാങ്ങുന്നത് കാണാം. ശാശ്വതമായ പരലോകജീവിതത്തിനു പകരം ക്ഷണികമായ ഐഹികജീവിതത്തിന് അവർ ഊന്നൽ നൽകി. പലപ്പോഴും ഇതിനുള്ള കാരണം ജനങ്ങളിൽനിന്നും അകന്ന് ഒറ്റയ്ക്കായിരിക്കുന്നതുകൊണ്ടോ സത്യസന്ധരായ കൂട്ടുകാർ ഇല്ലാത്തതുകൊണ്ടോ ആയിരിക്കാം. രണ്ടായാലും ഇത് ഒരാളുടെ ആത്മീയ വികാസത്തിന് വളരെയധികം ദോഷം ചെയ്യും.

ക്വുർആനിൽ മറ്റൊരിടത്തു നമ്മൾ ഇങ്ങനെ വായിക്കുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക" (അത്തൗബ: 119).

നബി(സ്വ) പറഞ്ഞു: "...ഒറ്റപ്പെട്ട ആടുകളെയാണ് ചെന്നായ തിന്നുക"(അബൂദാവൂദ്).

അതുകൊണ്ട് തന്നെ കൂട്ടുകാർ ഉണ്ടായിരിക്കുക എന്നതും ആ കൂട്ടുകാർ സത്യവാൻമാരായിരിക്കുക എന്നതും മർമപ്രധാനമായ കാര്യമാണ്. എല്ലാ വെള്ളിയാഴ്ചകളിലും പാരായണം ചെയ്യുന്ന സൂറത്തുൽ കഹ്ഫിലെ താഴെ കൊടുക്കുന്ന വചനങ്ങൾ മതബോധമുള്ള കൂട്ടുകാർ ആവശ്യമാണെന്ന് അല്ലാഹു നമ്മെ പഠിപ്പിക്കുന്നത് പോലെയാണ്:

"തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ.
ഏതൊരുവൻെറ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്" (അൽ കഹ്ഫ്:28)

കാലത്തും വൈകുന്നേരവും

വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അല്ലാഹുവിനെ നിരന്തരം സ്മരിക്കുന്നവരുടെ കൂട്ടത്തിൽ നിലയുറപ്പിക്കുക എന്നതാണ് ഇവിടെ കൽപന. ക്ഷണികമായ ഈ ഐഹിക ലോകത്തിലെ താൽക്കാലിക വിനോദങ്ങളിൽ മുഴുകാതെ, പരലോകത്തിന് ശ്രദ്ധ നൽകി, ആത്മാർഥമായി അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ഒരു കൂട്ടുകാരനൊപ്പം - അവനിൽ മറ്റു നിസ്സാര ദൂഷ്യങ്ങളുണ്ടെങ്കിലും- ക്ഷമിച്ചുകൊണ്ട് കഴിഞ്ഞുകൂടുക.

നബി(സ്വ) നല്ല കൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉദാഹരണം നമുക്ക് ഭംഗിയായി വിവരിച്ചു തന്നിട്ടുണ്ട്. അബൂമൂസ(റ) നിവേദനം; നബി(സ്വ) പറഞ്ഞു:

"നല്ല കൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉദാഹരണം ഒരു കസ്തൂരി വിൽപനക്കാരനും ഒരു കൊല്ലപ്പണിക്കാരനും പോലെയാണ്. കസ്തൂരി വിൽപനക്കാരൻ ഒന്നുകിൽ നിങ്ങൾക്ക് കസ്തൂരി സമ്മാനമായി നൽകും, അല്ലെങ്കിൽ അവനിൽ നിന്ന് നിങ്ങൾ കസ്തൂരി വാങ്ങുകയോ അതിന്റെ സുഗന്ധം ആസ്വദിക്കുകയോ ചെയ്യും. കൊല്ലപ്പണിക്കാരനെ സംബന്ധിച്ചിടത്തോളം, അവൻ നിങ്ങളുടെ വസ്ത്രങ്ങളോ വീടോ കത്തിക്കും, (അവന്റെ അടുത്ത് ഇരുന്നാൽ തീപ്പൊരി പാറി പ്രയാസമുണ്ടാകും). അല്ലെങ്കിൽ നിങ്ങൾക്ക് അവനിൽനിന്ന് ദുർഗന്ധം ലഭിക്കും" (ബുഖാരി).

അതെ! നല്ല സുഹൃത്തുക്കളോടൊപ്പമായിരിക്കുമ്പോൾ, അവർ അവനെ അല്ലാഹുവിനെക്കുറിച്ച് ഓർമിപ്പിച്ചുകൊണ്ടേയിരിക്കും. അവൻ വ്യതിചലിക്കുമ്പോൾ അവനെ നേരായ വഴിയിലേക്ക് തിരിച്ചു കൊണ്ടുവരും, തെറ്റുകുറ്റങ്ങൾ തുറന്നുപറഞ്ഞ് അവനെ തിരുത്തും, അല്ലാഹുവിന്റെ കൽപനകൾ പാലിക്കാൻ സഹായിക്കും. ഉറ്റ സുഹൃത്ത് ഒരു കണ്ണാടിയെന്ന പോലെ അവന്റെ വ്യക്തിത്വം മെച്ചപ്പെടുത്താൻ സഹായിക്കും, ജീവിതത്തിലെ പ്രതിസന്ധികളിൽ ശരിയായ ഉപദേശം നൽകും, നന്മയുടെ കാര്യത്തിൽ മത്സരിക്കാൻ അവരിൽ ഒരാളെ അവൻ കണ്ടെത്തും; കസ്തൂരി വില്പനക്കാരനിൽനിന്നുള്ള സുഗന്ധം പോലെ.

സുഹൃത്തുക്കൾ കൂടുതൽ ആരാധനകൾ ചെയ്യുകയും ദാനധർമങ്ങളും മറ്റു സൽകർമങ്ങളും ധാരാളമായി നിർവഹിക്കുകയും മാന്യമായി വസ്ത്രം ധരിക്കുകയും ക്വുർആൻ മനഃപാഠമാക്കുകയും ദീനിനെക്കുറിച്ച് കൂടുതൽ പഠിക്കുകയും ചെയ്യുന്നത് കാണുമ്പോൾ അതെല്ലാം നമ്മെ സ്വാധീനിക്കുകയും നമുക്ക് കൂടുതൽ ചെയ്യാൻ കഴിയുമെന്ന തോന്നലുണ്ടാക്കുകയും ചെയ്യും. ഇത് നമ്മളിലേക്ക് കൂടുതൽ നന്മയുടെ വാതിലുകൾ തുറക്കും. ചുരുക്കത്തിൽ, നല്ലൊരു സുഹൃത്തുണ്ടെങ്കിൽ ജീവിതത്തിൽ തെറ്റുകൾ കുറയ്ക്കാനും നന്നാകാനും സാധിക്കും.

സലഫുകളിൽനിന്നുള്ള മാതൃകകൾ ഈ വിഷയത്തിൽ കാണാം:

അബുദ്ദർദാഅ്(റ) നിവേദനം: "അബ്ദുല്ലാഹിബ്നു റവാഹ എന്റെ കൈപിടിച്ച് പറയുമായിരുന്നു: 'ഒരു നിമിഷം എന്നോടൊപ്പം വരൂ, നമുക്ക് നമ്മുടെ ഈമാൻ



**ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ സുഹൃത്ത് നീതിബോധവും ആത്മാർത്ഥതയും ഗുണകാംക്ഷയും സൽസ്വഭാവവും സത്യസന്ധതയും മതനിഷ്ഠയും ഒത്തുചേർന്നവനായിരിക്കണം. ഇത് വളരെ അത്യന്താപേക്ഷിതമാണെങ്കിലും ഈ സ്വഭാവഗുണങ്ങളുള്ള ഒരാളെ കണ്ടെത്തുക എന്നത് ഏറെ ദുഷ്കരമായ ഒരു കാര്യമാണ്.**

പുതുക്കാം; എന്തന്നാൽ അടുപ്പിൽ വെച്ച പാത്രങ്ങളിലുള്ള വസ്തു തിളച്ചുമറിയുന്നതിനേക്കാൾ വേഗത്തിൽ ഹൃദയങ്ങൾ മാറിമറിയും" (ഇബ്നുൽ മുബാറക്, അസ്സുഹ്ദ് വർറകാഇക്).

ഉമറുബ്നുൽ ഖത്ത്വാബ്(റ) അബൂ മൂസൽഅശ്അരി(റ)യോട് പറയുമായിരുന്നു: "അബൂ മൂസാ, നമ്മുടെ റബ്ബിനെ നീ ഓർമിക്കുക.' അങ്ങനെ അദ്ദേഹം ക്വുർആൻ പാരായണം ചെയ്യുകയും സ്വഹാബികൾ അത് കേൾക്കുകയും ചെയ്യുമായിരുന്നു" (ഇബ്നു തൈമിയ്യ, മജ്മൂഉൽ ഫതാവാ).

അതുകൊണ്ട് തന്നെ റബ്ബിനെയും പരലോകത്തെയും ഓർമിപ്പിക്കുന്ന, മതബോധമുള്ള കൂട്ടാളികളെ ലഭിക്കാൻ ആത്മാർഥമായി പരിശ്രമിക്കുക.

എന്നാൽ സുഹൃത്തുക്കൾ ഇതിനു വിപരീതമാണെങ്കിൽ, അതിന്റെ സ്വാധീനം നമ്മളിൽ പ്രകടമാകും. നമ്മെ അലസത പിടികൂടും. അതിന്റെ ഫലമായി, ഏതൊരു സൽകർമവും അതിന്റെ ഏറ്റവും കുറഞ്ഞ ബാധ്യതകൾ നിർവഹിച്ചുകൊണ്ട് നാം തൃപ്തിയടയും. എന്നിട്ട് നമ്മൾ അവരുമായി സ്വയം താരതമ്യം ചെയ്യുകയും 'കുറഞ്ഞപക്ഷം ഞാൻ നമസ്കരിക്കുകയെങ്കിലും ചെയ്യുന്നു; കുറഞ്ഞത് ഞാൻ റമദാനിൽ നോമ്പെടുക്കുക്കുകയെങ്കിലും ചെയ്യുന്നു; കുറഞ്ഞത് ഞാൻ വൻപാപങ്ങൾ ഒന്നും ചെയ്യുന്നില്ലല്ലോ' എന്ന് ചിന്തിക്കുകയും ചെയ്യും. കാലക്രമേണ, നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന ഏറ്റവും കുറഞ്ഞ ഈ കാര്യങ്ങളെപ്പോലും നമ്മളറിയാതെ നമ്മൾ വിട്ടുവീഴ്ച ചെയ്യുന്ന അവസ്ഥയിലെത്തും. (അല്ലാഹു കാത്തു രക്ഷിക്കട്ടെ!).

അതുകൊണ്ടാണ് ചീത്ത സുഹൃത്തുക്കളെ സ്വീകരിച്ചവരുടെ പരലോകത്തെ അവസ്ഥ അല്ലാഹു നമുക്ക് വിവരിച്ചുതന്നത്: "അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും: 'റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽനിന്നവൻ എന്നെ തെറ്റിച്ചുകളഞ്ഞുവല്ലോ. പിശാച് മനുഷ്യനെ കൈവിട്ടുകളയുന്നവനാകുന്നു" (ഫുർക്വാൻ: 27-29).

തീർച്ചയായും, കൂടെ നടക്കുന്ന ആളുകളുടെയും സാഹചര്യങ്ങളുടെയും സമ്മർദം ആളുകളിൽ വലിയ തോതിൽ പ്രതികൂല ഫലങ്ങൾ ഉളവാക്കുമെന്നു നമുക്കറിയാം. നിരവധി പഠനങ്ങൾ അത് തെളിയിച്ചിട്ടുമുണ്ട്. ഇവ്വിഷയകമായി ഇബ്നുൽ ക്വയ്യിം (റഹി) പറഞ്ഞു:

"അറിയുക! ഏറ്റവും വലിയ നഷ്ടം അല്ലാഹുവുമായുള്ള നിങ്ങളുടെ സമയത്തിൽ നഷ്ടം മാത്രം വരുത്തുന്ന ഒരാളോടൊപ്പം മുഴുകുക എന്നതാണ്. അയാൾ നിങ്ങളെ അല്ലാഹുവിൽ നിന്ന് അകറ്റി നിർത്തും; അയാൾ നിങ്ങളുടെ സമയം പാഴാക്കുകയും ഊർജം ദുർബലമാക്കുകയും നിശ്ചയദാർഢ്യം ചിതറിക്കുകയും ചെയ്യും. അതിനാൽ, നിങ്ങൾ ഇതുമുഖേന പരീക്ഷിക്കപ്പെടുകയാണെങ്കിൽ അല്ലാഹു തൃപ്തിപ്പെടുന്ന രൂപത്തിൽ അവനോട് പെരുമാറുക; കഴിയുന്നത്ര അവനോട് ക്ഷമ കാണിക്കുക. ഈ വ്യക്തിയിലൂടെ അല്ലാഹുവിലേക്കും അവന്റെ പ്രീതിയിലേക്കും കൂടുതൽ അടുക്കാൻ ശ്രമിക്കുക. അങ്ങനെ, അവനുമായുള്ള ഒത്തുചേരൽ പ്രയോജനകരമായ ഒന്നാക്കി മാറ്റുക; നഷ്ടമുണ്ടാക്കുന്ന ഒന്നാക്കാതിരിക്കുക. ■



# കാഫിറാക്കലും ജമാഅത്തെ ഇസ്‌ലാമിയുടെ ഇരട്ടത്താപ്പും!

മൂസ സ്വലാഹി കാര
: 97473 45768

മതത്തിന്റെ മൗലിക തത്ത്വത്തിൽനിന്ന് വ്യതിചലിച്ചും അതിന്റെ അടിസ്ഥാന പ്രമാണങ്ങളോട് അലംഭാവം കാണിച്ചും ദ്വിമുഖ സ്വഭാവക്കാരായും സമൂഹത്തിൽ നിലനിൽക്കുന്നവരാണ് അബുൽ അഅ്‌ലാ മൗദൂദിയുടെ ആശയത്തോട് കടമപ്പെട്ട് കഴിയുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ. 2026 ഏപ്രിൽ 10ലെ പ്രബോധനം വാരികയിൽ വന്ന 'കാഫിറാക്കാൻ ആരാണ് നിങ്ങൾക്ക് അധികാരം നൽകിയത്'എന്ന ലേഖനം അവരുടെ ഇരട്ടത്താപ്പ് നിലപാട് കൂടുതൽ തെളിയിക്കുന്നതാണ്. അഹ്‌ലുസ്സുന്നയുടെ പക്ഷത്ത് നിലയുറപ്പിക്കുന്നവരെ ആക്ഷേപിക്കാൻ വേണ്ടി മാത്രം തട്ടിപ്പടച്ച ആ ലേഖനത്തിന്റെ പശ്ചാത്തലത്തിൽ കാഫിറാക്കൽ ശീലമാക്കിയ യഥാർഥ പ്രതികൾ ആരാണെന്നത് സമൂഹത്തെ തെര്യപ്പെടുത്തേണ്ടതുണ്ട്.

ശീഈ രാജ്യമായ ഇറാനെയും അവിടെ നടക്കുന്ന രാഷ്ട്രീയ പോരാട്ടത്തെയും സ്വഹാബത്തിനെ പോലും കടുത്ത ഭാഷയിൽ അസഭ്യം പറഞ്ഞ അവിടുത്തെ നേതാക്കളെയും വാനോളം വാഴ്ത്തി ഉല്ലസിക്കുകയാണ് ജമാഅത്തുകാർ. കാരണം ഇറാനിന്റെ മണ്ണിൽ വേരോട്ടം കിട്ടിയ വികല വിശ്വാസങ്ങളാണ് അവരുടെ കൈവശമുള്ളത്. ഇറാനികൾ കൊണ്ടുനടക്കുന്ന ആദർശം വികലവിശ്വാസങ്ങൾകൊണ്ട് വിശ്വാസത്തെ മറികടന്നതാണെന്നതിൽ അഹ്‌ലുസ്സുന്നക്ക് ഒട്ടും സംശയമില്ല. ഇറാനിന്റെ അക്രമമുഖവും അവിടെയുള്ള അനിസ്‌ലാമിക പ്രവണതകളും തുറന്ന് പറയുന്നവരോട് ക്രോധം കാണിക്കുന്നവർ കൂടിയാണ് ജമാഅത്തുകാർ. രോഗങ്ങൾ പല കാരണങ്ങളാലും വ്യാപിക്കുമ്പോൾ ആരോഗ്യ സംരക്ഷണത്തിന് വേണ്ട നിർദേശങ്ങൾ നൽകുകയെന്നത് നിർബന്ധ ബാധ്യതയാണ്. അതിനോട് അറപ്പുകാണിക്കുന്നത് അവിവേകവുമാണ്. ഇസ്‌ലാമിനെ തണലാക്കി ഇറാനും അവരുടെ ഇഷ്ടക്കാരും വിപ്ലവ വീര്യം മുഴക്കുന്നത് അവർ മൂലം ഇസ്‌ലാമിക സമൂഹത്തിന്




സഹിക്കേണ്ടിവന്ന അറ്റമില്ലാത്ത അപകടങ്ങളെ മൂടി വെക്കാൻ കൂടിയാണ്. ശീഇസത്തിന്റെ ഗുരുതര പിഴവുകളെപ്പറ്റി വേണ്ടത്ര പഠിച്ചിട്ടില്ലാത്തവർ അനുകമ്പയുടെ മറവിൽ ഇറാന് വേണ്ടി മുതലക്കണ്ണീർ വാർക്കുന്നതും നാം കാണുന്നു. ഇസ്‌ലാമിനോടും അതിന്റെ യഥാർഥ വക്താക്കളോടും കടുത്ത കലിപ്പുള്ള ശത്രുക്കളുടെ പിഴവുകൾ ഗുണകാംക്ഷയോടെ ചൂണ്ടി ക്കാണിക്കുന്നതിനെ കാഫിറാക്കൽ നടപടിയായി മുദ്രയടിക്കുകയാണ് ജമാഅത്തുകാർ.

“അതിസങ്കീർണമായ രാഷ്ട്രീയവും വിഭാഗീയവുമായ സംഘർഷങ്ങൾ മുസ്‌ലിം ലോകത്ത് വലിയ മാറ്റങ്ങൾക്ക് കളമൊരുക്കിക്കൊണ്ടിരിക്കെ ഇസ്‌ലാമിൽ നിന്ന് ഭ്രഷ്ട്(തക്ഫീർ) കൽപ്പിക്കൽ പ്രവണത വീണ്ടും തലപൊക്കുകയാണ്. ഇസ്‌ലാമിക ചിന്താലോകത്ത് തക്ഫീർ പ്രവണത ഗുരുതരമായ ആശയക്കുഴപ്പമാണ് സൃഷ്ടിക്കുന്നത്. മുൻകാലങ്ങളിലും അത് അങ്ങനെത്തന്നെയായിരുന്നു. കടുത്ത നിയന്ത്രണ ങ്ങളും ഉപാധികളും കൊണ്ടുവന്ന് വ്യക്തിയെയോ സംഘത്തെയോ കാഫിർ(സത്യനിഷേധി) ആയി മുദ്രകുത്തുന്ന നീക്കത്തിന്റെ മുനയൊടിക്കാൻ ഒരു വിഭാഗം ശ്രമിക്കുമ്പോൾ മറുവിഭാഗം സംഘർഷഭൂമി കളിൽ ആ ആയുധമെടുത്ത് യഥേഷ്ടം പ്രയോഗിക്കുന്നു” (പ്രബോധനം/2026 ഏപ്രിൽ 10/പേജ് 7).

ഓരോ വ്യതിയാന കക്ഷിയുടെയും പ്രശ്നങ്ങൾ പ്രത്യേകം എടുത്തു പറഞ്ഞ് വിശകലനം നടത്തുക എന്ന അഹ്‌ലുസ്സുന്നയുടെ ദൗത്യനിർവഹണത്തെ ജമാഅത്തെ ഇസ്‌ലാമിയുടെ തുലാസിലിട്ട് ‘ഭ്രഷ്ട്’ ചുമത്തലാക്കി അവതരിപ്പിക്കുകയാണിവിടെ ചെയ്തിരിക്കുന്നത്. പ്രമാണങ്ങളിൽ പല വിഷയങ്ങളും പരാമർശിച്ച ആയത്തുകളെ ഏത് തുലാസിട്ടാണാവോ ഇവർ തൂക്കി നോക്കുക? ഖുർആനിൽ ‘അവർ തന്നെയാകുന്നു അക്രമികൾ,’ ‘അവർ തന്നെയാകുന്നു ധിക്കാരികൾ,’ ‘അവരത്രെ വഴിപിഴച്ചവർ,’ ‘അവർ തന്നെയാകുന്നു അവിശ്വാസികൾ,’ ‘അക്കൂട്ടർ തന്നെയാകുന്നു അശ്രദ്ധർ,’ ‘അവർതന്നെയാണ് അതിക്രമകാരികൾ,’ ‘അവർ തന്നെയാകുന്നു അല്ലാഹുവിങ്കൽ വ്യാജവാദികൾ,’ കപടവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ട് എന്ന സന്തോഷവാർത്ത നീ അവരെ അറിയിക്കുക’ എന്നിങ്ങനെ ധാരാളം പരാമർശങ്ങൾ കാണാം.

നബി(സ്വ)യുടെ ഹദീസുകളിലും പലരുടെ കുഴപ്പങ്ങളെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. ഇതെല്ലാം എടുത്തു പറഞ്ഞ്

**ശീഈ രാജ്യമായ ഇറാനെയും അവിടെ നടക്കുന്ന രാഷ്ട്രീയ പോരാട്ടത്തെയും സ്വഹാബത്തിനെ പോലും കടുത്ത ഭാഷയിൽ അസഭ്യം പറഞ്ഞ അവിടുത്തെ നേതാക്കളെയും വാനോളം വാഴ്ത്തി ഉല്ലസിക്കുകയാണ് ജമാഅത്തുകാർ. കാരണം ഇറാനിന്റെ മണ്ണിൽ വേരോട്ടം കിട്ടിയ വികല വിശ്വാസങ്ങളാണ് അവരുടെ കൈവശമുള്ളത്. ഇറാനികൾ കൊണ്ടുനടക്കുന്ന ആദർശം വികലവിശ്വാസങ്ങൾകൊണ്ട് വിശ്വാസത്തെ മറികടന്നതാണെന്നതിൽ അഹ്‌ലുസ്സുന്നക്ക് ഒട്ടും സംശയമില്ല. ഇറാനിന്റെ അക്രമമുഖവും അവിടെയുള്ള അനിസ്‌ലാമിക പ്രവണതകളും തുറന്ന് പറയുന്നവരോട് ക്രോധം കാണിക്കുന്നവർ കൂടിയാണ് ജമാഅത്തുകാർ.**

ഇസ്‌ലാമിക പ്രമാണങ്ങൾ ഭ്രഷ്ട് നടപ്പിലാക്കുന്നു എന്ന നിലയ്ക്ക് പ്രചരിപ്പിക്കാൻ ജമാഅത്തുക്കാർ സന്നദ്ധരാകുമോ? കുഫ്ർ വ്യക്തമാണെങ്കിൽ തെളിവുകൾ സൂചിപ്പിച്ച് അത് വിധിക്കുമെന്നല്ലാതെ ഓരോരുത്തരെയും നോക്കി നീ കാഫിർ, അവൻ കാഫിർ എന്ന് വിളിച്ചു പറയുന്ന രീതി അഹ്‌ലുസ്സുന്ന സ്വീകരിച്ചിട്ടില്ല. ശീഇസവും ഇഖ്‌വാനിസവും അവരുടെ ചൊൽപ്പടിയിൽ നിൽക്കാത്തവരോട് കാണിച്ച ക്രൂരതയെപ്പറ്റി അതേ ചിന്തകളെ പിൻതുടർന്ന മൗദൂദിസത്തിന്റെ അനുയായികളായ ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് വല്ല ധാരണയുമുണ്ടായിരുന്നെങ്കിൽ 'കാഫിറാക്കലിന്റെ മുനയൊടിക്കുന്നുവെന്ന്' അതിശയിപ്പിക്കുന്ന അവകാശവാദം ലേഖകൻ തട്ടിവിടില്ലായിരുന്നു.

**ജമാഅത്തെ ഇസ്‌ലാമിയും അഞ്ച് വ്യക്തികളുടെ സങ്കൽപങ്ങളും**

ഹസനുൽ ബന്ന, സയ്യിദ് ഖുതുബ്, മൗദൂദി, ഖുമൈനി, അലി ശരീഅത്തി എന്നീ അഞ്ച് പേരുടെ തലതിരിഞ്ഞ ചിന്തകളുടെ ഉൽപന്നമായ വികല സങ്കൽപങ്ങളിൽ കെട്ടുപ്പിണഞ്ഞ് കിടക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് ഇസ്‌ലാമിന്റെ നേരായ നിലപാടുകളോട് പൊരുത്തപ്പെട്ട് പോകാൻ കഴിയാറില്ല.

സ്വഹാബത്തിനെ നിന്ദിക്കുന്നതിലും അസഭ്യം പറയുന്നതിലും കാഫിറുകളാക്കുന്നതിലും മടികാണിക്കാത്തരാണ് ഈ അഞ്ച് പേരും. ഇവർ ഊട്ടിയെടുത്ത വിശ്വാസങ്ങൾ തുളുമ്പിയൊലിക്കുന്ന പുസ്തകങ്ങൾ ജമാഅത്തുകാർ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുകയും സാധാരണക്കാർക്കിടയിൽ അവ വിൽപന നടത്തുകയും ചെയ്യുന്നുണ്ട്.

ഇഖ്‌വാനിസമെന്ന ആശയം എന്തിനാണെന്ന് അതിന്റെ സ്ഥാപകൻ ഹസനുൽ ബന്ന വ്യക്തമാക്കിയത് കാണാം: "ഈ മൻഹജിൽ (ഇഖ്‌വാനിസം) വിശ്വസിക്കാത്ത എല്ലാ മുസ്‌ലിംകളും അതിനെ യാഥാർഥ്യമാക്കാൻ പ്രവർത്തിക്കാത്തവനും ഇസ്‌ലാമിൽ യാതൊരു പങ്കുമില്ലെന്ന് വ്യക്തമായി പ്രഖ്യാപിക്കുന്നു" (ഇലശ്ശബാബ്).

"ഇഖ്‌വാനിസവുമായി ചേരുന്നവൻ മുസ്‌ലിമാണ്. അതിന് വിപരീതമായി നിൽക്കുന്നവൻ സ്വന്തത്തിന്റെ മേൽ സത്യനിഷേധം വിധിച്ചവനുമാണ്" (താരീഖുസ്സിരീ ലിൽഇഖ്‌വാൻ).

ഖവാരിജുകളുടെ 'വിധിക്കാൻ അധികാരം അല്ലാഹുവിന് മാത്രം' എന്ന വാദത്തെ മിനുക്കിയെടുത്ത് മൗദൂദി സാഹിബ് ആരാധയെ വിവക്ഷിച്ചത് തൗഹീദാണെങ്കിൽ ഇസ്‌ലാമിക ചരിത്രത്തിൽ കുഫ്‌റിൽ കാലൂന്നാത്തവരായി ആരുമുണ്ടാവുകയില്ല. മൗദൂദിയുടെ ഇബാദത്ത് വ്യാഖ്യാനം വായിക്കാം:

"ഇബാദത്ത് 'അബദ' എന്നതിൽനിന്നുത്ഭവിച്ചതാണ്. അബ്ദിന്റെ അർഥം അടിമ, ഭൃത്യൻ എന്നൊക്കെയാണ്. അപ്പോൾ ഇബാദത്തിന്റെ അർഥം അടിമവൃത്തി, ഭൃത്യവേല എന്നിങ്ങനെ ആയിത്തീർന്നു. അടിമ യജമാനന്റെ സന്നിധിയിൽ അടിമയായി നിലകൊള്ളുകയും യജമാനനോട് വർത്തിക്കേണ്ട ക്രമത്തിൽ വർത്തിക്കുകയും ചെയ്യുന്നതിനാണ് അടിമത്തം എന്നും ഇബാദത്ത് എന്നും പറയുന്നത്" (ഖുതുബാത്ത്/പേജ് 107).

അല്ലാഹു അവന്റെ അടിമകളെ പടച്ചത് അടിമവൃത്തിക്കാണെന്നും പ്രമാണങ്ങളുടെ ആദ്യാഹ്വാനം അടിമവേലയാണെന്നും പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ പ്രഥമ ലക്ഷ്യം അടിമപ്പണിയിലേക്ക് ക്ഷണിക്കലാണെന്നും ഈ വ്യാഖ്യാന പ്ര

**നബി(സ്വ)ക്കും ഉത്തമ തലമുറക്കും അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർക്കും മൗദൂദിയുടെ തൗഹീദ് തിരിഞ്ഞില്ലെന്നും അല്ലെങ്കിൽ അവർക്കെല്ലാം പിഴവ് പറ്റിയിട്ടുണ്ടെന്നും ഇവർ വിശ്വസിക്കേണ്ടി വരും! ഇസ്‌ലാമിന്റെ അടിത്തറയെ കുറിച്ചുള്ള അവബോധമില്ലായ്മയും അറബി ഭാഷാ പരിജ്ഞാനമില്ലായ്മയും ഖവാരിജിയ്യത്തിനോടുള്ള അടുപ്പവും മൗദൂദിയെ കൊണ്ടെത്തിച്ചത് ഇബാദത്തിന്റെ യഥാർഥ അർഥമായ ആരാധനയെ മൂന്നാം സ്ഥാനത്തേക്ക് തള്ളിയ അവസ്ഥയിലേക്കാണ്.**

കാരം ജമാഅത്തുക്കാർക്ക് വിശ്വസിക്കൽ അനിവാര്യമാണ്. എന്നാൽ അല്ലാഹു പറയുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (51:56).

പ്രവാചകന്മാരെ പറഞ്ഞയച്ചതിനെ കുറിച്ച് അല്ലാഹു പറയുന്നു: "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (16:36).

നബി(സ്വ)ക്കും ഉത്തമ തലമുറക്കും അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർക്കും മൗദൂദിയുടെ തൗഹീദ് തിരിഞ്ഞില്ലെന്നും അല്ലെങ്കിൽ അവർക്കെല്ലാം പിഴവ് പറ്റിയിട്ടുണ്ടെന്നും ഇവർ വിശ്വസിക്കേണ്ടി വരും! ഇസ്‌ലാമിന്റെ അടിത്തറയെ കുറിച്ചുള്ള അവബോധമില്ലായ്മയും അറബി ഭാഷാ പരിജ്ഞാനമില്ലായ്മയും ഖവാരിജിയ്യത്തിനോടുള്ള അടുപ്പവും മൗദൂദിയെ കൊണ്ടെത്തിച്ചത് ഇബാദത്തിന്റെ യഥാർഥ അർഥമായ ആരാധനയെ മൂന്നാം സ്ഥാനത്തേക്ക് തള്ളിയ അവസ്ഥയിലേക്കാണ്.

'ഇബാദത്ത്' എന്നാൽ 'ഉബൂദിയ്യത്ത്' (അടിമത്തം) എന്ന പുതിയ തൗഹീദ് ഉണ്ടാക്കിയതിലൂടെ മൗദൂദിക്ക് പറ്റിയ അമളിയിൽ തന്നെ ഇപ്പോഴും അള്ളിപ്പിടിച്ച് കിടക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ ആരോപണങ്ങൾ നടത്തി ആനന്ദിക്കുന്നത് ഇനിയെങ്കിലും അവസാനിപ്പിക്കണം. പ്രമാണങ്ങൾ പഠിപ്പിച്ചത് പ്രകാരം സൃഷ്ടികൾക്കിടയിൽ പൊതുവായും സ്രഷ്ടാവിനോട് പ്രത്യേകമായുമുള്ള അനുസരണം മതത്തിലുണ്ടെന്നതും അതിനെ ഒരർഥത്തിലേക്ക് മാത്രം ഒതുക്കാൻ നോക്കുന്നത് വെറും കത്സിതപ്പണിയാണെന്നും ഇവർക്ക് തിരിച്ചറിയാൻ സാധിക്കട്ടെ.

ശീഈ നേതാവ് ഖുമൈനി നടത്തിയ രക്തരൂക്ഷിത വിപ്ലവത്തെ ഇസ്‌ലാമിക വിപ്ലവമെന്നും അത് നിർവഹിച്ചവരാണ് ഇസ്‌ലാമിന്റെ സംഘമെന്നും പ്രശംസിച്ചതും മൗദൂദി തന്നെയാണ്!


മുസ്‌ലിം സമൂഹത്തെ മുഴുവനായും കാഫിറാക്കിക്കൊണ്ടുള്ള, സയ്യിദ് ഖുതുബിന്റെ പ്രമാണ വിരുദ്ധമായ നിലപാടുകൾ നിറഞ്ഞ് നിൽക്കുന്ന 'ഫീ ദിലാലിൽ ക്വുർആൻ' എന്ന ഗ്രന്ഥം വിവർത്തനം നടത്തിയ ജമാഅത്തുക്കാരാണ് സലഫികൾ തൊട്ടതിനും പിടിച്ചതിനുമൊക്കെ കാഫിറാക്കുന്നവരാണെന്ന് ജൽപിച്ച് അവരെ കടന്നാക്രമിക്കാൻ മുതിരുന്നതെന്ന കാര്യം ഓർക്കുക. അദ്ദേഹം പറഞ്ഞത് കാണുക: "ഇന്ന് ഭൂമിയിൽ ഒരു മുസ്‌ലിം രാഷ്ട്രമോ മുസ്‌ലിം സമൂഹമോ ഇല്ല; അവിടെയുള്ള ഇടപാടുകളുടെ അടിസ്ഥാനം അല്ലാഹുവിന്റെ ശരീഅത്തിലും ഇസ്‌ലാമിക കർമശാസ്ത്രത്തിലുമായി."

അബുദ്ദർദാഅ്(റ), അബൂഹുറയ്റ(റ), അബൂമൂസ(റ) എന്നിവർക്ക് ഹദീസ് നിവേദനത്തിന് കമീഷൻ നിശ്ചയിച്ചിരുന്നുവെന്നും ഉസ്മാൻ(റ) ഇസ്‌ലാമിനും ജാഹിലിയ്യത്തിനുമിടയിൽ ഒരു ഇടക്കണ്ണിയായി വർത്തിച്ചുവെന്നും എഴുതി സ്വഹാബത്തിനെ അധിക്ഷേപിച്ച അലി ശരീഅത്തിയുടെ 'രക്തസാക്ഷ്യം' എന്ന പുസ്തകം മലയാളീകരിച്ചപ്പോൾ അതിന് ഗംഭീര അവതാരിക കൊടുത്തത് ജമാഅത്തെ ഇസ്‌ലാമിയുടെ മുതിർന്ന നേതാവ് ടി.മുഹമ്മദായിരുന്നു എന്നതും അവർ ഓർത്തുകൊണ്ടേയിരിക്കണം.

ലേഖകൻ വീണ്ടും കളിയാക്കുന്നത് കാണുക: "ഇക്കൂട്ടരുടെ അന്വേഷണ പരിധിയിൽ ജീവിച്ചിരിക്കു ന്നവരും മരിച്ചവരുമൊക്കെപെടും. മൊത്തം പണ്ഡിതന്മാർ ഏതേത് ഗണത്തിൽ പെടുമെന്ന് അവർ തീരുമാനിക്കും. നരകത്തിൽ പോകുന്നവരുടെയും സ്വർഗത്തിൽ പോകുന്നവരുടെയും ലിസ്റ്റും അവരുടെ കൈയിൽ കാണും" (പ്രബോധനം/പേജ് 10).

ഇഖ്‌വാനീ-ശീഈ നയങ്ങളനുസരിച്ച് നീങ്ങുന്ന ജമാഅത്തുകാരുടെ സ്വന്തം സംവിധാനം 'കേരള മജ്‌ലിസ് ശൂറാ'യിലെ അംഗങ്ങളുടെ മനോഗതം വിലയിരുത്തിയുള്ള വാക്കുകളായി മാത്രമെ ഇതിനെ കാണാനാകൂ. അതിനാൽ ഉപദേശിക്കലും തിരുത്തലുമൊക്കെ തിരക്കിട്ട് തുടങ്ങേണ്ടത് അവിടെ നിന്നാണ്. കാഫിറാക്കൽ കളിക്ക് കൈയടിച്ച് കൊടുക്കുന്നതിൽനിന്നും ഇരട്ടമുഖ സ്വഭാവം പ്രകടിപ്പിക്കുന്നതിൽ നിന്നും ഇപ്പോഴും വിരമിച്ചിട്ടില്ലാത്തവരുടെ ഇത്തരം വാക്കുകൾ കാണുമ്പോൾ ക്വുർആൻ പറഞ്ഞതാണ് ഉണർത്താനുള്ളത്.

അല്ലാഹു പറയുന്നു: "ചില ആളുകളുണ്ട്; ഐഹികജീവിത കാര്യത്തിൽ അവരുടെ സംസാരം നിനക്ക് കൗതുകം തോന്നിക്കും. അവരുടെ ഹൃദയശുദ്ധിക്ക് അവർ അല്ലാഹുവെ സാക്ഷി നിർത്തുകയും ചെയ്യും. വാസ്തവത്തിൽ അവർ (സത്യത്തിന്റെ) കഠിനവൈരികളത്രെ" (2:204). ■



# ഹജ്ജിന്റെ മാസം

ഹുസ്ന മലോറം

ഹജ്ജിന്റെ മാസം അണഞ്ഞുവല്ലോ
ദുൽഹിജ്ജ മാസം പിറന്നുവല്ലോ
ഹാജിമാർ മക്കയിൽ ഒത്തു ചേർന്ന്
ഹജ്ജിൽ മുഴുകുന്ന മാസമല്ലോ.

ഇബ്റാഹീം നബിയോരെ ത്യാഗങ്ങളും
ഇസ്മാഈൽ നബിയോരെ അർപ്പണവും
വീണ്ടുമാ ചരിതങ്ങൾ ഓർത്തെടുക്കാൻ
ദുൽഹിജ്ജ മാസം പിറന്നുവല്ലോ.

റബ്ബിന്റെ തൃപ്തിയിൽ ജീവിച്ചെന്നാൽ
കാര്യങ്ങൾ അവനിൽ തവക്കുൽ ചെയ്താൽ
റബ്ബിന്റെ കാവൽ തുണയുണ്ടാകും
ഇബ്റാഹീം ചരിതങ്ങൾ പാഠമല്ലോ.

തൗഹീദിൻ ശബ്ദം ഉയർത്തിയപ്പോൾ
തീയിൽ എറിയപ്പെട്ടുള്ള ദൂതൻ
തീയിനെ റബ്ബ് തണുപ്പാക്കിയേ
തെല്ലുമുപദ്രവം ഏറ്റതില്ല.

മകനാം ഇസ്മാഈലിന്റെ കൂടെ
കഅ്ബ പുതുക്കി പണിഞ്ഞവര്.
ഹജ്ജിൻ വിളംബരം ചെയ്ത ദൂതൻ
ജനലക്ഷം ഉത്തരമേകിടുന്നു.

ലബ്ബൈകല്ലാഹുമ്മ ലബ്ബൈകെന്ന്
ഏക സ്വരത്തിൽ മൊഴിഞ്ഞുകൊണ്ട്
തൗഹീദിൻ സാരം അറിഞ്ഞുകൊണ്ട്
ഹാജിമാർ മക്കയിൽ എത്തിടുന്നു.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 09 May 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

## വാദി അൽ ഹിക്മ,
മിനി ഊട്ടി, മലപ്പുറം

WISDOM
ISLAMIC ORGANIZATION

جـامعة الـهند الإسـلامية
JAMIA AL-HIND AL-ISLAMIYYA

2026-27 ബാച്ചുകളിലെ
വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

**മഅ്ഹദുല്ലുഗ / +1,+2**

- മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ സിലബസുമായി ഏകോപിപ്പിച്ച് രൂപീകരിക്കപ്പെട്ട സിലബസ്
- വിശുദ്ധ ഖുർആൻ 4 ജുസ്അ് ഹിഫ്ദും, ഇംഗ്ലീഷ്, ഉറുദു പഠനവും ഉൾകൊള്ളുന്നു.
- +1,+2 ഹ്യുമാനിറ്റീസ്

**കുല്ലിയ്യ / Degree**

- അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന മൂന്ന് വർഷ കുല്ലിയ്യ.
- വിശുദ്ധ ഖുർആൻ 6 ജുസ്അ് ഹിഫ്ള്, ചെറു ഗ്രന്ഥങ്ങളുടെ മനഃപ്പാഠം എന്നിവ ഉൾപ്പെടുന്നു.
- BA അറബിക് / BA ഇംഗ്ലീഷ് / etc ഡിഗ്രികൾ കൂടെ കരസ്ഥമാക്കുന്നു

APPLY ONLINE
www.jamiaalhind.com | info@jamiaalhind.com

SCAN ME!



**അപേക്ഷ ക്ഷണിച്ച കോഴ്സുകൾ**

- മഅ്ഹദുല്ലുഗ (Boys & Girls)
  +1, +2 ഹ്യുമാനിറ്റീസ്
- കുല്ലിയ്യ (ഡിഗ്രി)
  കുല്ലിയ്യത്തുദ്ദഅ്‌വ
  കുല്ലിയ്യത്തുൽ ഹദീസ്
  കുല്ലിയ്യത്തുശ്ശരീഅഃ
  കുല്ലിയ്യത്തുൽ ബനാത് (Girls)
- തഖസ്സുസ് (പി.ജി.)

FOR MORE
BOYS CAMPUS : 9961 725 725
GIRLS CAMPUS : 8078 536 796

- പ്രധാന കോഴ്സുകളിലെ പഠനം, താമസം ഭക്ഷണം എന്നിവ പൂർണ്ണമായും സൗജന്യം
- PG വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻ്റ്
- ലോക പ്രശസ്ത വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് അവസരം ഒരുക്കുന്നു